
പ്രതീക്ഷയുടെ

# പൂമൊട്ടുകൾ

നോമ്പ് ലക്കം 2014



പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്



ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ

ജന്മശതാബ്ദിവർഷം: 1914-2014

# ശുഭമാകുമെന്ന പ്രതീക്ഷയോടെ...

സൃഷ്ട പ്രപഞ്ചത്തിന്റെ അതിനാഥൻ സൃഷ്ടിക്കുക എന്ന പുണ്യകർമ്മത്തിലൂടെ തനിക്ക് മാനവകുലത്തോടുള്ള വിശ്വാസത്തിന്റെ ആദ്യത്തെ ഒപ്പുവച്ചു. മനുഷ്യർ വഞ്ചിച്ചപ്പോഴും അവിടുന്ന് തന്റെ തിരുച്ചോരയാൽ ആ വിശ്വാസത്തിന്റെ മുദ്രയെ ഉജ്വലമാക്കി... എന്നെങ്കിലും തിരിച്ചുവരുമെന്ന പ്രതീക്ഷയോടെ. ഇന്നിന്റെ ലോകത്തിൽ നഷ്ടമായിക്കൊണ്ടിരിക്കുന്നതും ഈ വിശ്വാസമാണ്. വിശ്വസ്തതയുടെ വാഗ്ദത്തപേടകങ്ങളാകേണ്ട കുടുംബങ്ങൾ അവിശ്വാസത്തിന്റെയും അവിശ്വസ്തതയുടെയും കേളീരംഗങ്ങളാകുന്നു; ദമ്പതികൾക്കിടയിൽ സംശയത്തിന്റെ വൻമതിലുകളുയരുന്നു. മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധങ്ങളിൽ പ്രതീക്ഷയില്ലായ്മയുടെ വനങ്ങൾ പന്തലിച്ചുകഴിഞ്ഞു. എല്ലാം കീഴടക്കിയെന്നഹങ്കരിക്കുമ്പോഴും മനസ് അറിയാതെ കൊതിച്ചുപോകുന്നു. ആരെങ്കിലും എന്നെ ഒന്നു വിശ്വസിച്ചിരുന്നെങ്കിൽ...! ആരെയെങ്കിലും ഒന്നു വിശ്വസിക്കുവാൻ സാധിച്ചിരുന്നുവെങ്കിൽ...! സമാധാനത്തോടെ ഒന്നുറങ്ങാമായിരുന്നു.

പ്രതീക്ഷയ്ക്കുവകയില്ല എന്ന് ലോകം വിധിയെഴുതുന്നിടത്താണ് ദൈവദാസൻ ബിഷപ് വില്യം ജക്വീൻതായുടെ പ്രേഷിതത്വം ആരംഭിക്കുക. സ്നേഹത്തിന്റെ അഭാവംകൊണ്ടുണ്ടായ യുദ്ധക്കെടുതികളിൽ അദ്ദേഹം സ്നേഹത്തിന്റെ പുതുമഴയായി. വിശുദ്ധിയിലെത്തിച്ചേരുക വെറും ഉട്ടോപ്യയാണെന്ന് വിശ്വസിക്കുന്ന ജനവിഭാഗങ്ങളെ ജീവിതംകൊണ്ട് അദ്ദേഹം വിശുദ്ധിയിലേക്കുള്ള കുറുക്കുവഴിയായി, തിന്മയുടെ കൊടികുത്തിവാഴലിലും നന്മയുടെ കുളിർകാറ്റായി. തന്റെ കഴിവുകളും സമയവും പദവിയുമെല്ലാമുപയോഗിച്ച് മനുഷ്യനിലെ നന്മയെ ഖനനം ചെയ്തെടുത്തു. ഇതിനദ്ദേഹത്തിന് പ്രേരണ നല്കിയത് വിശ്വാസത്തിന് ഉറപ്പുനല്കുന്ന ദൈവസ്നേഹമായിരുന്നു. അദ്ദേഹം പറഞ്ഞു. "വിശ്വാസമെന്നത് ദൈവസ്നേഹത്തിന്റെ ഇരുട്ടിലേക്കുള്ള എടുത്തുചാട്ടമാണ്". അദ്ദേഹം നമ്മെ ഉദ്ബോധിപ്പിക്കുന്നു: "അപരൻ നിന്നെ വഞ്ചിക്കുമെന്നുറപ്പുള്ളപ്പോഴും അവനിൽ വിശ്വാസമർപ്പിക്കുക". ഏറെ വിശ്വാസത്തോടെ ചേർത്തുനിർത്തി നാളെയുടെ വാഗ്ദാനങ്ങളാകാൻ വളർത്തിയെടുത്തവർ, അതിൽനിന്നും ലാഭമെടുത്ത് പടിയിറങ്ങിയപ്പോഴും അവരിൽ ആഴമായ വിശ്വാസമർപ്പിരുന്നു അദ്ദേഹം.

സഭാധികാരികളാൽ തെറ്റിദ്ധരിക്കപ്പെട്ടപ്പോഴും നിരീക്ഷണവിധേയനാക്കപ്പെട്ടപ്പോഴും സഭയെ സ്വന്തം ഹൃദയത്തിൽ പ്രതിഷ്ഠിച്ചു. "സഭയെ സ്നേഹിക്കുക, സഭയോടൊത്തായിരിക്കുക" എന്നും "സഭയ്ക്കു പുറത്തുനിന്നു വിശുദ്ധനാകുന്നതിനെക്കാൾ സഭയോടൊത്തു തെറ്റുപറ്റാൻ ഞാനാഗ്രഹിക്കുന്നെന്നും" തന്റെ ആത്മീയമക്കളെ പഠിപ്പിച്ചതുകൊണ്ടാവാം സഭ അദ്ദേഹത്തെ വിശുദ്ധപദവിയിലേയ്ക്കുയർത്താനുള്ള നടപടിക്രമങ്ങൾ നടത്തുന്നത്. അതെ, ദൈവത്തെ വിശ്വസിച്ച, ദൈവമേല്പിച്ച മനുഷ്യരെ വിശ്വസിച്ച, വ്യക്തിയുടെമേലുള്ള ദൈവത്തിന്റെ കയ്യൊപ്പ്. കാത്തിരിക്കാൻ നമുക്കറിയാമെങ്കിൽ മരിച്ചവർ ഉയിർക്കും, രോഗികൾ സുഖപ്പെടും. നമുക്കും വിശ്വസിക്കാം ദൈവം കൂടെയുള്ളവർക്ക് എല്ലാം ശുഭമായിത്തീരും... വിശ്വസിക്കാം വഞ്ചിക്കുമെന്നുറപ്പുള്ളപ്പോഴും.


**പിതാവിനൊപ്പം പ്രാർത്ഥിക്കാം**

ദിവ്യനാഥാ, കരിക്കട്ടയിൽനിന്നും കനകം വേർതിരിച്ചെടുക്കുവാൻ, കരിന്തിരിയിലും കെടാവിളക്കിനെ ദർശിക്കുവാൻ, കാർമേഘത്തിലും കുളിർമഴയെ പ്രതീക്ഷിക്കുവാൻ, തിന്മയിലും നന്മയെ കണ്ടെത്തുവാൻ, എല്ലാറ്റിലുമുപരി സഹജരിൽ ദൈവത്തെ കണ്ടെത്തുവാൻ, ഞങ്ങളെ സഹായിക്കണമെ. ആമ്മേൻ.

**ജെനി കഴുന്നടിയിൽ**

അപ്പസ്തോലിക് ഒബ്ലേറ്റ്സ്

# പ്രതീക്ഷയുടെ പൂമൊട്ടുകൾ



വാല്യം 32 നോമ്പ് ലക്കം 2014

"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി ആൻഡ്രൂസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**സുജ ചോതിരക്കുന്നേൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ഫിലോ കുറ്റിയാത്ത് എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ഡോളി കണ്ടച്ചാലിൽ എ.ഒ.**

**വാർഷിക വരിസംഖ്യ -100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 0481-2578192,2309774**
**Email: psmktm@gmail.com**

## ഉള്ളടക്കം

- മിശിഹായിലുള്ള ജീവിതം: സന്തോഷത്തിന്റെ ജീവിതം 03
- സഹനവഴിയിൽ വിശ്വാസവിളക്കായി 06
- നോമ്പുകാലം: ദൈവാനുഭവത്തിന്റെ ദിനങ്ങൾ 09
- പിതൃമൊഴി 11
- തിരിച്ചറിവിൽനിന്ന് തിരുത്തലിലേക്ക് 13
- ദൈവത്തിന്റെ കയ്യൊപ്പ് 15
- വിശുദ്ധിയുടെ മുത്തുകൾക്ക് 16-17
- HOW DO I WITNESS JESUS IN MY LIFE? 18
- ഈശോയായി തീരുവാനുള്ള നോമ്പുകാലം 20
- വി. ജിയന്ന ബെറേറ്റ മോള 21
- നീതിമാന്റെ സ്മരണ എന്നും നിലനില്ക്കും 25
- സെനക്കിൾ തരംഗം 27
- നന്മപൂക്കുന്ന വഴി 28
- സാർവ്വത്രിക വിശുദ്ധീകരണദിനം 30
- അമ്മയോടൊപ്പം അനുഗ്രഹവഴിയേ 32

**എഡിറ്റോറിയൽ**

# ശക്തിപ്പെടുത്തുന്ന ദൈവദൂതന്മാരാകുക

കുരിശിൽ ജീവിതം ബലിയായി അർപ്പിക്കുന്നതിനുമുമ്പുള്ള ഗത്സെമനിയിലെ ഈശോയുടെ പ്രാർത്ഥന വളരെ ഹൃദയസ്പർശിയാണ്. ഏറ്റെടുക്കാൻ പോകുന്ന വേദനകളുടെ ഭീകരതയും എല്ലാവരാലും ഉപേക്ഷിക്കപ്പെടാൻ പോകുന്നതിനാലുണ്ടാകുന്ന ഹൃദയനൊമ്പരത്തിന്റെ ആധിക്യവും "പിതാവേ, അങ്ങേക്ക് ഇഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്ന് അകറ്റണമേ" എന്നു പ്രാർത്ഥിക്കാൻ ഈശോയെ പ്രേരിപ്പിച്ചു. എന്നാൽ തന്റെ പ്രാർത്ഥന അവിടുന്ന് പൂർത്തിയാക്കിയത് "എങ്കിലും എന്റെ ഹിതമല്ല, അവിടുത്തെ ഹിതം നിറവേറട്ടെ!" (ലൂക്കാ 22,42) എന്നു പറഞ്ഞുകൊണ്ടാണ്. പിതാവുപോലും ഉപേക്ഷിച്ചുവോ എന്നു കേഴാൻ തക്കവിധമുള്ളതായിരുന്നു കുരിശിൽകിടന്ന് അവിടുന്നു സഹിച്ച വേദനയുടെ തീവ്രത!


മനുഷ്യരെന്ന നിലയിൽ ഏതെങ്കിലും വിധത്തിലുള്ള, വലുതും ചെറുതുമായ കുരിശുകൾ ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടിവരുമെന്നുള്ളത് നമുക്കു തീർച്ചയാണ്. എന്നാൽ അവയുടെ മുമ്പിലുള്ള നമ്മുടെ മനോഭാവമാണ് പ്രധാനം. വേദനയുടെ തീവ്രതയിൽ 'ഈ കാസാ മാറ്റണമേ' എന്ന് പ്രാർത്ഥിക്കാൻ നിർബന്ധിതരായാലും ഈശോ പ്രാർത്ഥിച്ചതുപോലെ, 'അവിടുത്തെ ഹിതം നിറവേറട്ടെ' എന്നു പ്രാർത്ഥിക്കാൻ നമുക്കാവുമോ? ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം നമ്മെ സ്നേഹിക്കുന്ന ദൈവത്തിന്റെ ഹിതമാണെന്നും അവിടുത്തെ പദ്ധതിയിൽ അവയ്ക്കെല്ലാം സ്ഥാനമുണ്ടെന്നും കരുതി അവയെല്ലാം സ്നേഹപൂർവ്വം സ്വീകരിക്കത്തക്കവിധത്തിലുള്ള ആഴമേറിയ വിശ്വാസം നമുക്കുണ്ടോ എന്ന് ആത്മശോധന ചെയ്യേണ്ടിയിരിക്കുന്നു.

ഗത്സെമനിയിൽ തീക്ഷ്ണമായി പ്രാർത്ഥിച്ചുകൊണ്ടിരുന്ന ഈശോയുടെ തീവ്രവേദനയിൽ "അവനെ ശക്തിപ്പെടുത്താൻ സ്വർഗ്ഗത്തിൽനിന്ന് ഒരു ദൂതൻ പ്രത്യക്ഷപ്പെട്ടു" (ലൂക്കാ 22,42-43) എന്ന് സുവിശേഷകൻ രേഖപ്പെടുത്തുന്നു. വേദനയുടെ തീച്ചൂളയിലുരുകുന്ന അനേകം സഹോദരങ്ങൾ നമുക്കു ചുറ്റുമുണ്ട്. അവരോടുള്ള നമ്മുടെ മനോഭാവമെന്തെന്നും നാം ചിന്തിക്കേണ്ടതുണ്ട്. വേദനിക്കുന്നവർക്കുവേണ്ടി പരിഹാസത്തിന്റെ ചാട്ടവാറും കുറ്റപ്പെടുത്തലുകളുടെ മുൾമുടിയും തിരസ്കരണത്തിന്റെ മരക്കുരിശുമാണ് നാം നിർമ്മിക്കുന്നതെങ്കിൽ ദൈവപുത്രനെ ക്രൂശിച്ചവർക്കൊപ്പമാകും നമ്മുടെ സ്ഥാനവും. എന്നാൽ, വേദനിക്കുന്നവരെ സഹായിച്ച്, ശക്തിപ്പെടുത്തി, അവരോടൊപ്പമായിരുന്ന് അവർക്ക് ദൈവികസാന്നിദ്ധ്യം നല്കുന്ന ദൈവദൂതന്മാരായിത്തീരുക എന്നുള്ളതാണ് നമ്മുടെ കടമ എന്നത് നമുക്ക് ഒരിക്കലും മറക്കാതിരിക്കാം.

**ചീഫ് എഡിറ്റർ**



**സെനക്കിൾ ആദ്ധ്യാത്മികത - 18**



# മിശിഹായിലുള്ള ജീവിതം: സന്തോഷത്തിന്റെ ജീവിതം

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**

**സെ**നക്കിളിൽ തന്റെ ആസന്നമായ വേർപാടിന്റെ സ്വഭാവവും അർത്ഥവും ശിഷ്യന്മാർക്ക് മനസ്സിലാക്കിക്കൊടുക്കുവാൻ ഈശോ ശ്രമിക്കുന്ന സന്ദർഭമാണ് യോഹ 16-ാം അദ്ധ്യായം 16 മുതൽ 24 വരെയുള്ള വാക്യങ്ങൾ അവതരിപ്പിക്കുക. മരണത്തിലൂടെയുള്ള തന്റെ വേർപാട് അല്പസമയത്തേക്ക് ശിഷ്യന്മാർക്ക് ദുഃഖത്തിനിടയാക്കുമെങ്കിലും ഉത്ഥാനത്തിലൂടെയുള്ള തിരിച്ചുവരവ് അവർക്ക് നിലനില്ക്കുന്ന സന്തോഷത്തിനും സമാധാനത്തിനും കാരണമാകുമെന്ന് ഈശോ പറയുന്നു: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ കരയുകയും വിലപിക്കുകയും ചെയ്യും. ... എന്നാൽ നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും" (യോഹ 16,20). മിശിഹായിലുള്ള ജീവിതത്തിന്റെയും ക്രിസ്തീയ സന്തോഷത്തിന്റെയും ചില പ്രധാനവശങ്ങൾ ഈ സന്ദർഭത്തിൽ വെളിപ്പെടുത്തപ്പെടുന്നുണ്ട്.

### മിശിഹായെ കാണുന്ന ജീവിതം

"അല്പസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല. വീണ്ടും അല്പസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണും" (യോഹ 16,16). മരണത്തിലൂടെ അവിടുത്തെ ദൃശ്യസാന്നിദ്ധ്യം അവർക്കു നഷ്ടമാകുമെന്നും എന്നാൽ ഉത്ഥാനത്തിലൂടെ, അദൃശ്യമെങ്കിലും കൂടുതൽ ദൃഢതരവും നിലനില്ക്കുന്നതുമായ തന്റെ സാന്നിദ്ധ്യം അവർക്കു ലഭ്യമാകുമെന്നും ഈശോ തന്റെ ശിഷ്യരെ ഓർമ്മിപ്പിക്കുകയാണ്. പക്ഷേ, ഇങ്ങനെ സന്നിഹിതനാകുന്ന അവിടുത്തെ കാണുവാൻ ബാഹ്യമായ നമ്മുടെ കണ്ണുകൾക്കാവില്ല. കാരണം ഉത്ഥിതനായ മിശിഹാ ജീവിക്കുന്ന ആത്മാവാണ്: "അവസാനത്തെ ആദം ജീവദാതാവായ ആത്മാവായിത്തീർന്നു" (1 കൊറി 15,47). അതുകൊണ്ട് വിശ്വാസത്തിന്റെ കണ്ണുകൾകൊണ്ടേ അവിടുത്തെ കാണാ

നാവു. ഉത്ഥിതനായ മിശിഹായെ വിശ്വാസത്തിന്റെ കണ്ണുകൾകൊണ്ട് കണ്ട് അവിടുത്തോടൊപ്പം ജീവിക്കുക എന്നതാണ് ക്രൈസ്തവ ജീവിതത്തിന്റെ അന്തഃസത്ത. ഉത്ഥിതനായ മിശിഹായെ കണ്ടു എന്നതാണ് ശ്ലീഹന്മാരുടെ മിശിഹാനുഭവത്തിന് അടിസ്ഥാനമായിത്തീർന്നത് (1 യോഹ 1,1-4). ഇന്ന് സഭയിൽ ജീവിക്കുന്ന മിശിഹായെ കാണുവാനും അവിടുത്തോടൊപ്പം ജീവിക്കുവാനും നമുക്കു കഴിയണം. സഭയുടെ വചനശുശ്രൂഷയിലും കൂദാശാശുശ്രൂഷകളിലും അജപാലനശുശ്രൂഷയിലും മിശിഹായുടെ സാന്നിദ്ധ്യം തിരിച്ചറിഞ്ഞ് മിശിഹായോടൊപ്പം ജീവിക്കുവാൻ നമുക്കു കഴിയണം.

**സന്തോഷത്തിന്റെ ജീവിതം**

മിശിഹായിലുള്ള ജീവിതം സന്തോഷത്തിന്റെ ജീവിതമാണ്. മിശിഹാനുഭവം സന്തോഷമുളവാക്കുമെന്ന് യോഹന്നാൻശ്ലീഹാ തന്റെ ലേഖനത്തിൽ എടുത്തുപറയുന്നുണ്ട്. തന്റെ ശ്ലൈഹികമായ മിശിഹാനുഭവം പങ്കുവയ്ക്കുന്നത് തന്റെയും താൻ ആർക്കു പങ്കുവയ്ക്കുന്നുവോ അവരുടെയും സന്തോഷം പൂർണ്ണമാകാനാണെന്ന് ശ്ലീഹാ എടുത്തുപറയുന്നുണ്ട് (1 യോഹ 1,1-4). പക്ഷേ, ഈ സന്തോഷത്തിലേക്ക് ഒരുവൻ കടന്നുവരുന്നത് ദുഃഖത്തിലൂടെയാണെന്ന് ഈശോ ഇവിടെ അനുസ്മരിപ്പിക്കുന്നു. സ്ത്രീയുടെ പ്രസവവേദനയോടാണ് ഈ ദുഃഖത്തെ ഈശോ തുലനംചെയ്യുന്നത് (യോഹ 16,21). മിശിഹാ നമ്മിൽ രൂപംകൊള്ളണമെങ്കിൽ നാമും സഹനത്തിലൂടെ കടന്നുപോകുവാൻ തയ്യാറാകണം. ഈശോയെപ്പോലെ സ്വന്തംഹിതം ത്യജിച്ച്, അനുദിനം പിതാവായ ദൈവത്തിന്റെ ഹിതം നിറവേറ്റുന്ന ജീവിതബലിയർപ്പണത്തിന്റെ കുരിശെടുക്കുവാൻ നാം തയ്യാറാകണം. അപ്പോൾ നാം ഓരോ ദിവസവും മിശിഹായോട് കൂടുതലായി അനുരൂപപ്പെടുകയും സാവകാശം മിശിഹാ നമ്മിൽ രൂപംകൊള്ളുകയും ചെയ്യും. അപ്പോൾ വേദനയുടെ ദുഃഖം വിസ്മരിക്കപ്പെടുകയും മിശിഹായുടെ സന്തോഷം നമ്മിൽ പൂർണ്ണമാകുകയും ചെയ്യും (യോഹ 15,11). ഈ സന്തോഷം ഒരിക്കലും നഷ്ടമാവുകയില്ല; അത് പൂർണ്ണമായിരിക്കുകയും ചെയ്യും (യോഹ 16,22).

**നഷ്ടമാകാത്തതും പൂർണ്ണമായതുമായ സന്തോഷം**

മിശിഹായിലുള്ള ജീവിതത്തിന്റെ സന്തോഷത്തിന് രണ്ടു പ്രത്യേകതകളാണുള്ളത്. 1. അത് ഒരിക്കലും നഷ്ടമാകാത്ത സന്തോഷമാണ്. 2. അത് പൂർണ്ണമായ സന്തോഷമാണ്. ലോകവും അതിലെ വസ്തുക്കളും കടന്നുപോകും. അതുകൊണ്ട് ലോകംനല്കുന്ന സന്തോഷവും കടന്നുപോകും. എന്നാൽ ഈശോ ഒരിക്കലും കടന്നുപോകുന്നവനല്ല. "ഈശോമിശിഹാ ഇന്നലെയും ഇന്നും എന്നും ഒരേ ആൾ തന്നെയാണ്" (ഹെബ്രാ 13,8). അതുകൊണ്ട് ഈശോയോടൊത്തുള്ള ജീവിതത്തിൽനിന്നു ഉളവാകുന്ന സന്തോഷവും കടന്നുപോകുന്നതല്ല; എന്നും നിലനില്ക്കുന്ന സന്തോഷമാണ്. അത് പൂർണ്ണമായ ഒരു സന്തോഷവുമാണ്. ലോകം നല്കുന്ന സന്തോഷത്തിലെല്ലാം ഒരു അപൂർണ്ണതയുണ്ട്. ലോകത്തിന്റേതായ പരിമിതികളെല്ലാം ലോകത്തിന്റെ സന്തോഷങ്ങളിലെല്ലാമുണ്ട്. അതുകൊണ്ട് അത് ഒരിക്കലും പൂർണ്ണമാവുകയില്ല. അത് നിലനില്ക്കുന്ന ഒന്നല്ല എന്ന ചിന്ത നമ്മുടെ സന്തോഷത്തെ അപൂർണ്ണമാക്കും. എന്നാൽ മിശിഹായോടൊത്തുള്ള ജീവിതം നിത്യം നിലനില്ക്കുന്നതാകയാൽ അതിൽനിന്നുളവാകുന്ന സന്തോഷവും ഒരു കുറവുംകൂടാതെ പൂർണ്ണമായതാണ്.


**മിശിഹായുമായി ഐക്യത്തിൽ പ്രാർത്ഥിക്കുന്ന ജീവിതം**

മിശിഹായോടും ദൈവത്തോടും ഒരു പുതിയ ബന്ധം സ്ഥാപിക്കപ്പെടുന്ന ഒരു ജീവിതമാണ് ക്രൈസ്തവജീവിതം. "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ









എന്റെ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെന്തും അവിടുന്നു നിങ്ങൾക്കു നല്കും" (യോഹ 16,24). മിശിഹായിൽ നമുക്കു ദൈവത്തോട് ദൈവമക്കൾക്കടുത്ത ഒരു പുതിയ ബന്ധം സ്ഥാപിക്കാൻ കഴിയും. യഥാർത്ഥത്തിൽ ഒരു പിതൃപുത്രബന്ധമാണ് അത്. പുത്രസ്വീകാരത്തിന്റെ ആത്മാവിനെ സ്വീകരിക്കുകവഴി മക്കൾക്കടുത്ത സ്വാതന്ത്ര്യത്തോടുകൂടെ പിതാവിന്റെ സന്നിധിയിലേക്കു പ്രവേശിക്കാൻ നമുക്കു കഴിയും. നല്ല പിതാവായ ദൈവം അവിടുത്തെ സ്വന്തം മക്കളായി നമ്മെ കരുതുന്നതുകൊണ്ട് ചോദിക്കുന്നതെന്തും നമ്മുടെ നന്മയ്ക്കുതകുമെങ്കിൽ നല്കുമെന്ന ഉറപ്പോടുകൂടി നമുക്കു പ്രാർത്ഥിക്കുവാൻ കഴിയും. അവിടുന്ന് നമ്മുടെ പിതാവാണ്, അവിടുത്തെ ഹൃദയം നിറയെ സ്നേഹമാണ്. അതുകൊണ്ട് അവിടുന്ന് എല്ലാം നന്മയ്ക്കായി ക്രമീകരിക്കുമെന്ന വിശ്വാസത്തോടെ പ്രാർത്ഥനാജീവിതം നയിക്കുവാനും നമുക്കു കഴിയണം.

***മിശിഹായോടൊത്തുള്ള ജീവിതം നിത്യം നിലനില്ക്കുന്നതാകയാൽ അതിൽനിന്നുളവാകുന്ന സന്തോഷവും ഒരു കുറവുംകൂടാതെ പൂർണ്ണമായതാണ്.***

# സഹനവഴിയിൽ വിശ്വാസവിളക്കായി



**വിശ്വാസവെളിച്ചത്തിൽ ജീവിതം നയിക്കുന്ന ലൂക്കാ പൗളിനോ എന്ന ഇറ്റാലിയൻയുവാവ് ALS എന്ന മാരക രോഗത്താൽ വേദനിക്കുമ്പോഴും ശുഭാപ്തി വിശ്വാസം കൈവിടാതെ ഭാവിയിലേക്ക് അദ്ദേഹം ഉറ്റിനോക്കുന്നു**

**ജിസ കൂട്ടിയാനിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

രോഗത്തിന്റെ ആരംഭംമുതൽ തന്നെ അതിനോടുള്ള പോരാട്ടത്തിന്റെ ചിന്ത അദ്ദേഹത്തിന്റെ മനസ്സിലുറച്ചിരുന്നു. പലപ്പോഴും അദ്ദേഹം തന്നോടുതന്നെ ചോദിച്ചു: " ഈ അവസ്ഥയെ നേരിടാൻ എത്ര മാത്രം മനഃശക്തി ഞാൻ നേടിയെടുക്കണം"? അദ്ദേഹം തന്നെ അതിനുത്തരവും പറഞ്ഞു "എത്രമാത്രം ആവശ്യമായിരുന്നാലും അതു നേടിയെടുക്കുന്നതിൽ ഞാൻ വിജയിക്കും". കഴിഞ്ഞ 11 വർഷങ്ങളിലും തന്റെ ജീവിതത്തെ ഞെരുക്കുന്ന ദൗർഭാഗ്യങ്ങളിൽ ശാന്തത കൈവിടാതെ (ശുഭാപ്തി വിശ്വാസത്തിൽ നിലനില്ക്കാൻ) തന്റെ ഹൃദയത്തെ അദ്ദേഹം പരിശീലിപ്പിക്കുകയായിരുന്നു.

കിടക്കയ്ക്കരികിലെ കമ്പ്യൂട്ടറിൽ കണ്ണുകൾ സാവധാനം ചലിപ്പിച്ച് അദ്ദേഹം എഴുതുകയാണ്...11 വർഷത്തെ തന്റെ ജീവിതത്തെക്കുറിച്ച്... കടന്നുപോയ നാളുകൾ ഭയാനകങ്ങളായിരുന്നെങ്കിലും തന്റെ ഭൂതകാലത്തിലേക്ക് തിരിഞ്ഞു നോക്കാൻ അദ്ദേഹത്തിന് ഭയമില്ല. കാരണം സഹനത്തെ സന്തതസഹചാരിയാക്കി അദ്ദേഹം മാറ്റികഴിഞ്ഞിരിക്കുന്നു. തികഞ്ഞ ശാന്തതയോടെ അദ്ദേഹം കുറിക്കുന്നു:





**"ഈ രോഗം ഇന്നെന്റെ പ്രിയപ്പെട്ട കൂട്ടുകാരിയാണ്. കാരണം കഴിഞ്ഞ നീണ്ട വർഷങ്ങളിൽ വലിയ സ്നേഹാനുഭവവും സുഹൃദ്വലയവും അവളെനിക്ക് നേടിത്തന്നു".**

"സഹനത്തിന്റെ 11 വർഷങ്ങൾ: ശരീരവേദനയെക്കാൾ മനസ്സിന്റെ വേദനയായിരുന്നു അസഹനീയം. അസാധാരണവും ഒരിക്കലും സുഖപ്പെടുകയുമില്ലാത്ത മാരകരോഗത്തെ ഏറ്റുവാങ്ങേണ്ടിവന്നത് എനിക്ക് താങ്ങാവുന്നതിലും അധികമായിരുന്നു. ഓരോ ദിനവും മരണത്തെ മുന്നിൽ കണ്ടുകൊണ്ട് ഞാൻ കടന്നുപോയി. അർത്ഥശൂന്യമായ എന്റെ യൗവ്വനത്തെ നോക്കി ഞാൻ കരഞ്ഞു.

നിരാശയുടെ 11 വർഷങ്ങൾ: എന്റെ ശരീരത്തെ മുഴുവൻ ഒന്നും ചെയ്യാൻ ശക്തിയില്ലാത്ത ജീവച്ഛവമായി കാണേണ്ടിവന്നതിന്റെ ദുഃഖം.

സ്വയം എതിർപ്പിന്റെ 11 വർഷങ്ങൾ: എനിക്കൊന്നും സാധിക്കുന്നില്ല എന്ന തോന്നൽ എന്നിൽ ശക്തമായി. സംസാരിക്കാൻ, ഭക്ഷിക്കാൻ, ഇഷ്ടംപോലെ ചലിക്കാൻ പോലും സാധിക്കാത്ത അവസ്ഥ. കൂട്ടുകാരോടൊത്തുള്ള എന്റെ സംഭാഷണങ്ങൾ, ഭക്ഷണത്തിന് ഒന്നുചേരുന്നതിന്റെ സന്തോഷം, വിശേഷാവസരങ്ങളിൽ ഉള്ള പങ്കുചേരൽ, സഹോദരങ്ങളുടെ കുഞ്ഞുങ്ങളോടൊപ്പമുള്ള മനോഹര നിമിഷങ്ങൾ എല്ലാം എനിക്കു നഷ്ടപ്പെട്ടു. പ്രതീക്ഷിക്കാനായി എന്റെ മുമ്പിൽ ഒന്നും ഇല്ലാതായി. എന്നാൽ;

എന്റെ പരിദേവനങ്ങൾ ഞാനിവിടെ നിർത്തുന്നു. പരാതിപ്പെടാനായി ഞാൻ ഇനി ഒട്ടും ആഗ്രഹിക്കുന്നില്ല" അദ്ദേഹത്തിന്റെ വാക്കുകൾ തീർച്ചയുടേതാണ്. ജീവിതത്തിലെ നീറുന്ന അനുഭവങ്ങളുടെ ദിശ മാററുകയാണിന്നദ്ദേഹം. അദ്ദേഹത്തിന്റെ വാക്കുകളിൽ പറഞ്ഞാൽ " ഈ രോഗം ഇന്നെന്റെ പ്രിയപ്പെട്ട കൂട്ടുകാരിയാണ്. കാരണം കഴിഞ്ഞ നീണ്ട വർഷങ്ങളിൽ വലിയ സ്നേഹാനുഭവവും സുഹൃദ്വലയവും അവളെനിക്ക് നേടിത്തന്നു". ഈ ലോകത്തിലെ ഏറ്റവും വലിയ നിർഭാഗ്യവാനാണ് ഞാനെന്ന് തോന്നിപ്പിച്ച നിമിഷങ്ങൾ ഏറെയാണ്. എന്നാൽ ഇന്ന് ഈ നിർഭാഗ്യമെല്ലാം എനിക്കനുകൂലമായി മാറിയിരിക്കുകയാണ്".

തന്റെ ഇപ്പോഴത്തെ ജീവിതാവസ്ഥയ്ക്ക് തന്റെ മാതാപിതാക്കളോടാണ് അദ്ദേഹം നന്ദി പറയുന്നത്. തങ്ങളുടെ വീട് എല്ലാവർക്കുമായി അവർ തുറന്നിട്ടു. ശരീരമാസകലം തളർന്നുപോയ തങ്ങളുടെ മകനെ സമൂഹത്തിൽനിന്ന് മാറ്റിനിർത്താനല്ല, മറിച്ച് അവന്റെ സാന്നിധ്യം മറ്റുള്ളവർക്ക് ഒഴിച്ചുകൂടാനാവാത്തതാക്കി അവർ മാറ്റി. അവന്റെ ശരീരത്തിൽ ചലിപ്പിക്കാവുന്ന ഏക അവയവമായ കണ്ണുകൾകൊണ്ട് സംഭാഷണം നടത്താവുന്നവിധത്തിൽ ആധുനിക ഉപകരണങ്ങൾ ഉപയോഗിക്കാൻ അവനെ പഠിപ്പിച്ചു. ഇന്ന് ലൂക്കാ തന്റെ കണ്ണുകൾകൊണ്ട് ജോലിചെയ്യുന്നതിൽ മിടുക്കനാണ്. വിശ്വാസത്തിന്റെ കാഴ്ചപ്പാടോടെ തങ്ങളുടെ മകന്റെ രോഗത്തെ ഹൃദയത്തോട് ചേർക്കുന്ന അദ്ദേഹത്തിന്റെ മാതാപിതാക്കൾ, അവനിലെ മനുഷ്യമഹത്ത്വത്തിനാണ് പ്രാധാന്യം നല്കിയത്. മനുഷ്യർ കാണുന്നതുപോലെയല്ല, ദൈവത്തിന്റെ കണ്ണുകൾകൊണ്ട് അവർ തങ്ങളുടെ മകനെ കാണുന്നു. "ഓരോ വ്യക്തിക്കും, ഗർഭപാത്രത്തിൽ ജീവിതം ആരംഭിക്കുന്ന ആദ്യനി

മിഷം മുതൽ അലംഘ്യമായ മഹത്ത്വമുണ്ട്. എന്തെന്നാൽ അനാദിയിൽതന്നെ ദൈവം ആ വ്യക്തിയെ ആഗ്രഹിക്കുകയും സ്നേഹിക്കുകയും സൃഷ്ടിക്കുകയും രക്ഷിക്കുകയും ചെയ്തു" (CCC 1699). "മാനുഷിക മഹത്ത്വം, വ്യക്തികളുടെ വിജയങ്ങളെയും നേട്ടങ്ങളെയും മാത്രം ആശ്രയിച്ചിരുന്നെങ്കിൽ, ദുർബലരോ, രോഗികളോ, നിസ്സഹായരോ ആയവർക്ക് മഹത്ത്വമൊന്നുമുണ്ടാകുമായിരുന്നില്ല...ദൈവം ഓരോ വ്യക്തിയെയും ആ വ്യക്തി ലോകത്തിലുള്ള ഏക സൃഷ്ടിയാണന്നതുപോലെ നോക്കുന്നു..." (Youcat 280). തങ്ങളുടെ മകനു ചെയ്യുന്ന ശുശ്രൂഷ അനുദിനജീവിതചര്യയുടെ ഭാഗമാക്കി അവർ മാറ്റി. അവരുടെ പ്രവൃത്തികളിലൂടെ മറ്റുള്ളവരും അവനെ സ്നേഹിക്കാൻ പഠിച്ചു. ദൈവതൃക്കരങ്ങളിൽ ജീവിക്കുന്ന അവന്റെ ജീവിതത്തിൽനിന്നും പഠിക്കാനും, ദൈവത്തിനു നന്ദി പറയാനും അനേകർ ഇന്ന് അദ്ദേഹത്തെ തേടിവരുന്നു. ഇന്ന് ലൂക്കാ നിശ്ചിത സമയങ്ങളിൽ ഫിസിയോതെറാപ്പി ചെയ്യുന്നു. അവന്റെ സുഹൃത്തുക്കൾ, അവരുടെ സാന്നിധ്യം അവന് ഒരിക്കലും കുറയാൻ അനുവദിക്കുന്നില്ല.

അദ്ദേഹം വീണ്ടും കുറിക്കുന്നു: "എന്റെ രോഗാവസ്ഥയ്ക്ക് ഞാൻ ദൈവത്തിനു നന്ദി പറയുന്നു. കാരണം എന്റെ ഈ ഗ്രാമം എന്നെ ദത്തെടുത്തതു പോലെയാണ്. എന്നെ അത്ഭുതപ്പെടുത്തുന്ന തരത്തിലുള്ള വ്യക്തിത്വത്തിനുടമകളായ വളരെപ്പേരെ ഞാൻ പരിചയപ്പെട്ടു". അവരിലെല്ലാം ദൈവത്തിന്റെ വലിയ സാന്നിധ്യം ഞാൻ കാണുന്നു.

രോഗക്കിടക്കയിലും തന്റെ നർമ്മഭാവം അദ്ദേഹം കുറയ്ക്കുന്നില്ല. "ആജ്ഞ നല്കാൻ ഞാനിന്ന് മിടുക്കനായിരിക്കുകയാണ്. എന്റെ കണ്ണൊന്ന് ചലിപ്പിച്ചാൽ മതി, ആയിരം പേർ എന്റെ ആജ്ഞ അനുസരിക്കാനെത്തും."

തന്നെ കാണാനെത്തുന്നവർക്കെല്ലാം തന്റെ സ്വതസിദ്ധമായ പുഞ്ചിരി നല്കാൻ പരിശ്രമിക്കുകയാണ് ലൂക്കാ. "ഉപകാരമില്ലാതായിപ്പോയല്ലോ എന്നോർത്ത് കരയാൻ ഞാൻ തയ്യാറല്ല. ലക്ഷ്യമില്ലാതെ എന്നെത്തന്നെ ഉപേക്ഷിക്കാനും ഞാൻ ഒരുക്കമല്ല. വ്യത്യസ്തമായ രീതിയിൽ എനിക്കും എന്തെങ്കിലും ചെയ്യാനാവും എന്നു ഞാൻ വിശ്വസിക്കുന്നു".

തന്റെ ആയുസ്സ് ജീവിതത്തിന്റെ തുലാസ്സിൽ തൂങ്ങുമ്പോഴും തനിക്കു വന്ന ദൗർഭാഗ്യത്തെപ്പറ്റി നിരാശനാകാത്ത അദ്ദേഹത്തിന്റെ മനഃശക്തി മാനുഷികമായി കിട്ടുന്ന ഒന്നല്ല. അത് തികച്ചും ദൈവികമാണ്-എല്ലാ വൈപരീത്യങ്ങൾക്കും എതിരെ ഓടുവാനുള്ള ദൈവത്തിന്റെ കൃപ. കർത്താവ് നമ്മോട് സഹനങ്ങളാവശ്യപ്പെടുന്നെങ്കിൽ അത് സ്വീകരിക്കാനുള്ള ശക്തിയും നമുക്ക് നല്കും. ഈ നോമ്പുകാലത്തിൽ നമ്മുടെ ചെറുതും വലുതുമായ സഹനങ്ങളെ സ്വീകരിക്കാനായിട്ടുള്ള ശക്തിക്കായി നമുക്കു പ്രാർത്ഥിക്കാം.

ആരാധനാവത്സരത്തിൽ വരുന്ന പ്രായശ്ചിത്തകാലങ്ങളും ദിവസങ്ങളും (വലിയ നോമ്പും കർത്താവിന്റെ മരണത്തെ അനുസ്മരിക്കുന്ന ഓരോ വെള്ളിയാഴ്ചയും) സഭയുടെ പ്രായശ്ചിത്തപരിശീലനത്തിന്റെ മഹനീയസന്ദർഭങ്ങളാണ്. ഈ സന്ദർഭങ്ങൾ, ആദ്ധ്യാത്മികാഭ്യാസങ്ങൾക്കും പ്രായശ്ചിത്തശുശ്രൂഷകൾക്കും പ്രായശ്ചിത്തത്തിന്റെ അടയാളങ്ങളെന്ന നിലയിൽ തീർത്ഥാടനങ്ങൾക്കും ഉപവാസം, ധർമ്മദാനം, സാഹോദര്യപരമായ പങ്കുവയ്ക്കൽ (ജീവകാരുണ്യപരവും പ്രേഷിതവൃത്തിപരവുമായ പ്രവൃത്തികൾ) മുതലായ സ്വമേധയാ ഏറ്റെടുക്കുന്ന ആത്മപരിത്യാഗകർമ്മങ്ങൾക്കും പ്രത്യേകമാംവിധം ചേർന്നവയാണ്. (CCC 1838)







# നോമ്പുകാലം: ദൈവാനുഭവത്തിന്റെ ദിനങ്ങൾ

ഡോ. തോമസ് പൂവത്താനിക്കുന്നേൽ
കാഞ്ഞിരപ്പള്ളി

സഭയുടെ പാരമ്പര്യവും പ്രബോധനവും കൂദാശകളുടെ സ്വീകരണത്തിനുള്ള അവിഭാജ്യഘടകമായി ഉപവാസത്തെ നിർദ്ദേശിക്കുന്നു. മാമ്മോദീസായ്ക്ക് ഒരുക്കമായി ഉപവസിക്കുന്ന രീതി ആദിമസഭയിൽ ഉണ്ടായിരുന്നു. മാമ്മോദീസാ സ്വീകരിക്കുന്നവരും അതിന് നേതൃത്വം വഹിക്കുന്നവരും ഉപവസിച്ചിരുന്നു. കൂടാതെ, അവരോടുകൂടെ സാധിക്കുന്നവരൊക്കെ ഉപവസിക്കണമെന്ന നിർദ്ദേശം ഡിഡാക്കെ നല്കുന്നുണ്ട്. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു: "ഈ കൂദാശ യോഗ്യമായ വിധത്തിൽ സ്വീകരിക്കുന്നതിനൊരുങ്ങുവാൻ വിശ്വാസികൾ തങ്ങളുടെ സഭ ആവശ്യപ്പെടുന്ന ഉപവാസം അനുഷ്ഠിക്കണം" (CCC 1387).



അനുരഞ്ജനകൂദാശയ്ക്ക് ഒരുക്കമായും പാപത്തിനുള്ള പ്രായശ്ചിത്തമായും ഉപവസിച്ചിരുന്നു. മാമ്മോദീസായും അനുരഞ്ജനകൂദാശയും സ്വീകരിക്കാനുള്ളവർ 50 നോമ്പുദിനങ്ങളിൽ നോമ്പെടുക്കുകയും ഉപവസിക്കുകയും ചെയ്തശേഷം വലിയ ശനിയാഴ്ച ഈ കൂദാശകൾ സ്വീകരിച്ചിരുന്ന പാരമ്പര്യമാണ് സഭയ്ക്കുണ്ടായിരുന്നത്.

ഈശോ തന്റെ പരസ്യജീവിതത്തിനാരംഭമായി 40 രാവും പകലും ഉപവാസത്തിലും പ്രാർത്ഥനയിലും ചെലവഴിച്ചുവെന്ന് പരിശുദ്ധ സുവിശേഷങ്ങൾ സാക്ഷിക്കുന്നു (ലൂക്കാ 4,1–13; മത്താ 4,1–11; മർക്കോ 1,12–13). തിന്മയുടെ നാരകീയശക്തികളെ വിജയിക്കുവാൻ ഈശോ നിർദ്ദേശിക്കുന്നത് ഉപവാസവും പ്രാർത്ഥനയുമാണ് (മർക്കോ 9,29).

എപ്രകാരമാണ് ഉപവാസം നടത്തേണ്ടതെന്നും ഈശോ ഉദ്ബോധിപ്പിക്കുന്നു. ഉപവസിക്കുന്നത് അദൃശ്യനായ പിതാവല്ലാതെ മറ്റാരും കാണാതിരിക്കേണ്ടതിന് വിഷാദം ഭാവിക്കരുത്. ശിരസ്സിൽ തൈലം പൂശുകയും മുഖം കഴുകുകയും ചെയ്യുക (മത്താ 6,16–19). ഉപവാസം എന്നാൽ 'കൂടെ വസിക്കുക' എന്നാണല്ലോ വാക്കിന്റെ അർത്ഥം. ദൈവത്തിന്റെ കൂടെ വസിക്കുക – അതുവഴി ബാഹ്യലോകവുമായുള്ള ബന്ധം വിഛേദിക്കുക. ആദിമാതാപിതാക്കന്മാർ നാവിന് ആസ്വാദ്യകരമെന്നുതോന്നിയതിനു പിന്നാലെ പാഞ്ഞ് ദൈവത്തിൽനിന്നകന്നുവെങ്കിൽ, ഉപവാസത്തിൽ അത്തരത്തിലുള്ളവയെ ത്യജിച്ച് ദൈവത്തോടു ചേർന്നിരിക്കുന്നു. ഇത് സന്തോഷത്തിന്റെയും ആഹ്ലാദത്തിന്റെയും അനുഭവമാണ്. അതിനാൽ വിഷാദഭാവങ്ങളെ വിട്ടുണരണം.

പാപപരിഹാരമായി നടത്തുന്ന ഉപവാസമാണെങ്കിലും അവിടെയും പാപത്തെവിട്ട് ദൈവത്തോടു ചേരുന്നതുവഴിയുള്ള സന്തോഷമാണ് പ്രകാശിതമാകുക. ഇത് വലിയ ഭാരം ഏറ്റെടുക്കുകയല്ല; നന്മയെ തെരഞ്ഞെടുക്കുകയും അതിനെ പുല്കുന്നതുവഴി മറ്റുള്ളവയെ തള്ളുകയും ചെയ്യുന്നതാണ്.

യഹൂദരുടെ ഉപവാസം ആചാരാനുഷ്ഠാനമായി തീർന്നിരുന്നു. അന്തഃസത്തയെവിട്ട് ആചരണമായിത്തീർന്ന ഉപവാസമായിരുന്നു അത്. അതിനെ തിരുത്തുന്ന ഈശോയെ നാം കാണുന്നു. മത്താ 9,14–17 ഇത് വ്യക്തമാക്കുന്നു. മണവാളനായ ഈശോയോടുകൂടി ആയിരിക്കുന്നതും അതുവഴിയുള്ള സന്തോഷപ്രകാശനവും ഉപവാസലംഘനമായി കാണാനാവില്ല എന്നാണ് ഈശോ പഠിപ്പിക്കുക. അതായത്, യഥാർത്ഥ ഉപവാസം ഈശോയാകുന്ന മണവാളനോടൊപ്പം ആയിരിക്കുക എന്നതുതന്നെ.

പരിശുദ്ധ കുർബാനയർപ്പണത്തിലെ, "ഉപവാസവും പ്രാർത്ഥനയും അനുതാപവും വഴി പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും നമുക്കു പ്രസാദിപ്പിക്കാം" എന്ന പ്രാർത്ഥനയും ഇതാണ് വ്യക്തമാക്കുന്നത്. കർത്താവിനോടുകൂടി ആയിരിക്കുന്നത് – ഉപവാസം – യഥാർത്ഥ പ്രാർത്ഥനയാകുന്നു. അവിടെ ദൈവ-മനുഷ്യസംഭാഷണം നടക്കുന്നു. ഇപ്രകാരമുള്ള സംഭാഷണംവഴി അഥവാ അവിടുത്തെ വാക്കുകൾ ശ്രവിക്കുന്നതുവഴി അവിടുത്തോടൊപ്പം ചൈതന്യമുള്ളവരായി നാം തീരുന്നു, അനു-തപിക്കുന്നു; 'കൂടെ ചൂടുള്ളതായി'ത്തീരുന്നു. ഉപവാസവും പ്രാർത്ഥനയും അനുതാപവുംവഴി ദൈവം സംപ്രീതനാകുന്നു. ഇത്തരത്തിലുള്ള തീവ്ര അനുഭവത്തിന്റെ ദിനങ്ങളാണ് നോമ്പുകാലം.







പിതൃമൊഴി

# നിന്റെ അടുത്തുകൂടി കടന്നുപോകുന്ന ഓരോ മനുഷ്യനും നിന്റെ സഹോദരനാണ്

മങ്ങാടൻ

**അ**ടുപ്പുകല്ലുപോലെയാണ് വീടുകളിരിക്കുന്നത്. വീട്ടുപേരും ഒന്നുതന്നെ. സംശയനിവാരണത്തിനായി ചോദിച്ചു: "ചേട്ടാ, തൊട്ടടുത്ത വീട്ടിൽ താമസിക്കുന്നത് സഹോദരങ്ങളിലാരെങ്കിലും ആണോ? ഒരേ വീട്ടുപേരാണല്ലോ...." യാതൊരു സങ്കോചവും കൂടാതെ താമസംവിനാ ഉത്തരം കിട്ടി. "എന്റെ സ്ഥലം വാങ്ങിയതുകൊണ്ട് എന്റെ വീട്ടുപേര് കിട്ടിയതാണ്..."

തൊട്ടടുത്ത വീട്ടിൽ കയറിയപ്പോൾ ജ്യേഷ്ഠൻ കഥ വിവരിച്ചു. "വീതംവച്ച സമയത്ത് സ്ഥലത്തിന്റെ കിടപ്പനുസരിച്ച് അപ്പൻ ജ്യേഷ്ഠന് ഒരു സെന്റ് സ്ഥലം കൂടുതൽ കൊടുത്തു. അന്നുതുടങ്ങി ഇങ്ങനെയാണ്..." ജ്യേഷ്ഠൻ തുടർന്നു... "ഒരേ ജീവരസം ഊറ്റിക്കുടിച്ച്, ഒരേ അമ്മയുടെ ഉദരത്തിൽ ഒൻപത് മാസം, ഭൂമിയിൽ ഒരു കൂരയ്ക്കു കീഴിൽ ഇണങ്ങിയും പിണങ്ങിയും സ്നേഹിച്ചും സ്നേഹം സ്വീകരിച്ചും... നിലനിൽക്കുന്ന പിണക്കങ്ങളില്ലാത്ത ബാല്യം... ഒന്നും സ്വന്തമായി സൂക്ഷിക്കാതെ തങ്ങൾക്കുള്ളതെല്ലാം പങ്കിട്ടനുഭവിച്ച, ....ഒരു മിഠായിയിൽ പത്തു പൊരൊളിഞ്ഞിരിപ്പുണ്ട് എന്ന തിരിച്ചറിവിന്റെ കാലം....കാരണം അപ്പനും അമ്മയുംകൂടി ഞങ്ങൾ 10 പേർക്കായി ഭാഗിക്കണം... ഇതൊക്കെ ഇപ്പോഴും അവൻ ഓർമ്മിക്കുന്നുണ്ടാവും അല്ലേ"... നിറകണ്ണുകളോടെ ജ്യേഷ്ഠൻ പറഞ്ഞുനിർത്തി...

ഈ നല്ല ഓർമ്മകളൊക്കെ അസ്തമിക്കാൻ ഇത്ര സമയം മതിയോ എന്ന ചോദ്യമായിപ്പോയി ഇവരുടെ വർത്തമാനകാലം കണ്ടപ്പോൾ..

ദൈവദാസൻ ബിഷപ് വില്യം ജകിീൻതാ പറയുന്നു, 'നിന്റെ അടുത്തുകൂടി കടന്നുപോകുന്ന ഓരോ മനുഷ്യനും നിന്റെ സഹോദര

> **"നാം ജനിച്ചത് പരസ്പരം വെറുക്കുവാനോ പോരാടുവാനോ അല്ല പ്രത്യുത, പരസ്പരം സ്നേഹിക്കുന്നതിനുവേണ്ടിയാണ്".**
> ദൈവദാസൻ ബിഷപ്പ് വില്യം ജകീൻതാ

നാണ്". സഹോദരനെ ഹൃദയത്തിൽനിന്നും ഭവനത്തിൽനിന്നും പടിയിറക്കുമ്പോൾ ഭൂമിയിൽ നിന്നുതന്നെ അവനെ നീക്കം ചെയ്യുന്നതിനു തുല്യമാണെന്ന വസ്തുത നീ മറക്കരുത്. ഇവിടെ നിന്റെ നേർക്ക് ഒരു ചോദ്യം ഉയരും "നിന്റ സഹോദരൻ എവിടെ"? (ഉൽപ 4,9) കായേന്റെ ഉത്തരത്തിന് ദൈവം നൽകുന്ന മറുപടി നീ വിസ്മരിക്കരുത്... "ഭൂമിയിൽ നീ ശപിക്കപ്പെട്ടവനായിരിക്കും, കൃഷി ചെയ്യുമ്പോൾ മണ്ണ് നിനക്ക് ഫലം തരികയില്ല, നീ ഭൂമിയിൽ അലഞ്ഞുതിരിയുന്നവനായിരിക്കും" (ഉൽപ 4,12).

ഭൂമിയിലെ നശ്വരസമ്പത്തിനുവേണ്ടി കലഹിക്കുന്നവർക്ക് അബ്രാമും ലോത്തും വഴികാട്ടികളാണ്. തിരുവചനം ഇങ്ങനെ പറയുന്നു: "അബ്രാം ലോത്തിനോടു പറഞ്ഞു, നമ്മൾ തമ്മിലും നമ്മുടെ ഇടയന്മാർ തമ്മിലും കലഹമുണ്ടാകരുത്. കാരണം നമ്മൾ സഹോദരന്മാരാണ്... ഇടത്തുഭാഗമാണ് നിനക്കു വേണ്ടതെങ്കിൽ ഞാൻ വലത്തുഭാഗത്തേക്കു പൊയ്ക്കൊള്ളാം. വലത്തുഭാഗമാണ് നിനക്ക് ഇഷ്ടമെങ്കിൽ ഞാൻ ഇടത്തുഭാഗത്തേക്കു പൊയ്ക്കൊള്ളാം" (ഉൽപ 13:8-9). ദൈവമാണ് വഴി നടത്തുന്നത് എന്നു വിശ്വസിക്കുന്നവന്റെ വാക്കുകളാണിവ. "കർത്താവ് എന്റെ ഇടയനാകുന്നു എനിക്ക് ഒന്നിനും കുറവുണ്ടാവുകയില്ല" (സങ്കീ 23:1) എന്ന് ആനന്ദത്തോടെ വിളിച്ചുപറയുവാൻ തക്കവിധം ദൈവമാകുന്ന സമ്പത്തിൽ ആശ്രയിക്കാം. ദൈവദാസൻ ബിഷപ്പ് വില്യം ജകീൻതാ പിതാവ് നമ്മെ ഓർമ്മപ്പെടുത്തുന്ന ചിന്തകൾ ഹൃദയത്തിലേറ്റു വാങ്ങാം. "നാം ജനിച്ചത് പരസ്പരം വെറുക്കുവാനോ പോരാടുവാനോ അല്ല പ്രത്യുത, പരസ്പരം സ്നേഹിക്കുന്നതിനുവേണ്ടിയാണ്".

പ്രഭാതത്തിൽ മുളനീട്ടുന്ന പുല്ലുപോലെയാണ് മനുഷ്യജീവിതം. പ്രഭാതത്തിൽ തഴച്ചു വളരുന്നു. സായാഹ്നത്തിൽ അതു വാടിക്കരിയുന്നു. അതു നിന്നിരുന്ന സ്ഥലംപോലും അജ്ഞാതമായിത്തീരുന്നു. ഇത്ര ക്ഷണികമായ ജീവിതത്തെ ദൈവത്തോട ചേർത്തുനിർത്താം. സ്നേഹത്തിൽ വ്യാപരിക്കാം.

## വിശുദ്ധവാരധ്യാനം



പ്രമുഖ ബൈബിൾ പണ്ഡിതനും ദൈവശാസ്ത്രജ്ഞനും നലംതികഞ്ഞ ധ്യാനഗുരുവുമായ പെരിയ ബഹു. മല്പാൻ ഫാദർ മാത്യു വെള്ളാനിക്കലച്ചന്റെ നേതൃത്വത്തിൽ സ്പിരിച്ച്വാലിറ്റി സെന്ററിൽവച്ച് എല്ലാ വർഷവും നടത്തിവരുന്ന വിശുദ്ധവാരധ്യാനം ഈ വർഷം ഏപ്രിൽ 16-ാം തീയതി ബുധനാഴ്ച വൈകുന്നേരം 6.30 നു തുടങ്ങി 20-ാം തീയതി ഈസ്റ്റർ തിരുക്കർമ്മങ്ങളോടെ അവസാനിക്കുന്നു. ഇതിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മാർച്ച് 31 നു മുമ്പായി രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

**വിശദവിവരങ്ങൾക്കായി ബന്ധപ്പെടുക:**
**0481 2578192; 9497667232**





# തിരിച്ചറിവിൽനിന്ന് തിരുത്തലിലേക്ക്...



**അനു കുരിശുംമൂട്ടിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

നോമ്പുകാലം നമ്മോടാവശ്യപ്പെടുന്നത് രണ്ട് തിരിച്ചറിവുകളാണ്: ദൈവത്തിന്റെ കരുണാർദ്രസ്നേഹത്തിന്റെ ആഴം; അതിന്റെ മുമ്പിൽ നമ്മുടെ ജീവിതത്തിന്റെ നിസ്സാരത; പാപാവസ്ഥ. ഈ രണ്ട് തിരിച്ചറിവുകൾ നോമ്പിന്റെ ആദ്ധ്യാത്മികതയ്ക്ക് ആഴം വർദ്ധിപ്പിക്കും. നോമ്പ് ചില ഓർമ്മകളാണ് നമ്മുടെ ജീവിതത്തിലേക്ക് കടത്തിവിടുന്നത്. മോശയിലൂടെയും പ്രവാചകന്മാരിലൂടെയും ദൈവം ഇസ്രായേൽ ജനത്തെ കൂടെക്കൂടെ ഓർമ്മിപ്പിക്കുന്ന വസ്തുതയാണ് നമ്മുടെ ദൈവം നമുക്കുവേണ്ടി ചെയ്ത അത്ഭുതകരമായ കാര്യങ്ങൾ 'ഓർക്കുക' എന്നത്. ദൈവത്തെ മറക്കുന്നതാണ് പാപം. നോമ്പുകാലം ദൈവം ചൊരിയുന്ന സ്നേഹത്തിന്റെ അത്ഭുതങ്ങൾ ശരിയായി ഓർക്കേണ്ട സമയമാണ്. അത്ഭുതവും ആരാധനയും നന്ദിയും നിറഞ്ഞ വികാരത്തോടെ മാർ അപ്രേം മല്പാൻ ഈശോയുടെ രക്ഷാകരപ്രവർത്തനങ്ങളെ പ്രകീർത്തിക്കുന്നത് ഇപ്രകാരമാണ്:

"ദാവീദിന്റെ ഭവനത്തിൽനിന്ന് നമുക്കുവേണ്ടി കുഞ്ഞാട് കടന്നുവന്നു; പുരോഹിതനും മഹാപുരോഹിതനും അബ്രഹാമിൽനിന്നും തന്റെ ശരീരം ബലിക്കായും തന്റെ രക്തം തളിക്കലിനുമായി തന്നുകൊണ്ട് അവൻ നമുക്ക് കുഞ്ഞാടും മഹാപുരോഹിതനുമായി. അവന്റെ പ്രവൃത്തികൾ വാഴ്ത്തപ്പെട്ടവയാകുന്നു! വഴിതെറ്റിപ്പോയ ആടായ ആദത്തെ തേടി എല്ലാവരുടെയും ഇടയൻ താഴേക്കു പറന്നുവന്നു.

അവനെ എടുത്ത് അവിടുന്ന് തോളിൽ വഹിച്ചു...

അതിഥികളോടൊപ്പം വിവാഹവിരുന്നിൽ അവൻ ചേർന്നു; ഉപവാസകരോടൊപ്പം പരീക്ഷകളിൽ അവൻ ചേർന്നു; ജാഗരണം ചെയ്യുന്നവരോടൊപ്പം പോരാട്ടത്തിൽ അവൻ ചേർന്നു. വിശുദ്ധ സ്ഥലത്ത് അവൻ ഒരു പ്രബോധകനായിരുന്നു... അശുദ്ധരിൽനിന്ന് അവൻ പിന്മാറിയില്ല. പാപികളിൽനിന്ന് അവൻ അകന്നുമാറിയില്ല... രോഗികളിൽനിന്ന് അവൻ തന്റെ പാദവും സാധാരണക്കാരിൽനിന്ന് തന്റെ വാക്കുകളും പിൻവലിച്ചില്ല. താഴ്ന്നവരിലേക്ക് അവൻ താഴ്ന്നിറങ്ങി; അത്യുന്നതങ്ങളിലേക്ക് അവൻ കരേറി... അവന്റെ ജനനമാണ് നമ്മുടെ ശുദ്ധീകരണം. അവന്റെ സ്നാനമാണ് നമ്മുടെ പാപമോചനം. അവന്റെ മരണമാണ് നമ്മുടെ ജീവൻ. അവന്റെ സ്വർഗാരോഹണമാണ് നമ്മുടെ മഹത്ത്വീകരണം. അവന് എങ്ങനെ നന്ദിപറയാൻ നമുക്കാകും?" (ഉത്ഥാനഗീതങ്ങൾ 1, 13-16).

ഹൃദയം തുറക്കുംവിധം അവിടുത്തെ സ്നേഹം നമ്മെ നോവിക്കുമെങ്കിൽ! മനസ്സ് പൂർണ്ണമായും അവിടുന്നിലേക്ക് തിരിയും വിധം അവിടുത്തെ കരുണയെ നാം അനുഭവിക്കുമെങ്കിൽ! മാറ്റം വരുത്തേണ്ട തലങ്ങൾ അനവധി എന്ന തിരിച്ചറിവോടെ അവിടുത്തെ രക്ഷയുടെ സന്തോഷത്തിലേക്ക് നമ്മുടെ ജീവിതം സമർപ്പിക്കുമെങ്കിൽ... യഥാർത്ഥത്തിൽ നോമ്പിന്റെ ചൈതന്യം നമ്മിൽ 'മാംസം ധരിച്ചു' എന്ന് വിശ്വസിക്കാം.

കർത്താവിന്റെ സ്നേഹത്തിനു മുമ്പിൽ നമ്മുടെ നിസ്സാരതയെ തിരിച്ചറിയണമെങ്കിൽ നിശ്ശബ്ദമായി നമ്മുടെ ജീവിതങ്ങളെ വിലയിരുത്തേണ്ടതുണ്ട്. കൂദാശാജീവിതത്തിലൂടെ, തിരുവചന ധ്യാനത്തിലൂടെ അവിടുത്തെ ഹിതം ശരിയായി മനസ്സിലാക്കുവാൻ നിരന്തരം അവിടുന്നു നൽകുന്ന കൃപകളോട് സഹകരിക്കുവാൻ നാം പരിശ്രമിക്കണം. ക്രൂശിതനായ ഈശോയെ ധ്യാനിക്കാൻ അവിടുന്നുമായി സംഭാഷണം നടത്തുവാൻ നമുക്കായാൽ ജീവിതവീക്ഷണത്തിന്, ഓരോ ജീവിതാനഭവങ്ങളെയും സ്വീകരിക്കുന്ന രീതിക്ക് കാതലായ വ്യതിയാനം നമ്മുടെ ജീവിതത്തിൽ ഉണ്ടാകും. ജീവിതയാഥാർത്ഥ്യങ്ങളെ കൂടുതൽ പക്വതയോടെ കൈകാര്യം ചെയ്യാൻ നാം ശക്തരാവുക ഈ ധ്യാനത്തിലൂടെയാണ്. മാർ അപ്രേം നമ്മെ ഓർമ്മിപ്പിക്കുന്നു: "ക്രൂശിതനായ കർത്താവ് നിന്റെ പക്കലേക്ക് തന്റെ കൈകൾ നീട്ടുവാനായി, ക്രൂശിലേക്ക് നിന്റെ കരങ്ങൾ നീട്ടുക. കാരണം, കുരിശിലേക്ക് തന്റെ കൈകൾ നീട്ടാത്തവന് അവിടുത്തെ മേശയെ സമീപിക്കാൻ കഴിയുകയില്ല. വിശക്കുന്നവരായി തന്റെ പക്കലേക്ക് വരാതെ തൃപ്തരായി വരുന്ന അതിഥികൾക്ക് അവിടുന്ന് തന്റെ മേശയിൽ പങ്കാളിത്തം നല്കുകയില്ല. വിശക്കുന്നവരായി തന്റെ മേശയിൽനിന്ന് ഇറങ്ങിപ്പോകുവാൻ ഇടയാകാതിരിക്കുന്നതിന്, പുത്രന്റെ മേശയിലേക്ക് പോകുന്നതിന് മുമ്പ് തൃപരാകാതിരിക്കുവിൻ". (സുവിശേഷഭാഷ്യം 20,23)

മാനസാന്തരത്തിലേക്കും പ്രായശ്ചിത്തത്തിലേക്കുമുള്ള ഈശോയുടെ വിളി, അവിടുത്തേക്കുമുമ്പുണ്ടായിരുന്ന പ്രവാചകന്മാരുടെ ആഹ്വാനം പോലെ ഒന്നാമതായി "ചാക്ക് ഉടുക്കലും ചാരംപൂശലും", ഉപവാസവും പരിത്യാഗവും പോലുള്ള ബാഹ്യപ്രവൃത്തികളെയല്ല, പിന്നെയോ, ഹൃദയത്തിന്റെ മാനസാന്തരത്തെ, ആന്തരിക അനുതാപത്തെയാണ് ലക്ഷ്യംവയ്ക്കുന്നത്. ഇതുകൂടാതെയുള്ള പ്രായശ്ചിത്തപ്രവൃത്തികൾ ഫലരഹിതവും വ്യാജവുമായിരിക്കും. എന്നാലും, ആന്തരികമായ മാനസാന്തരം, ദൃശ്യമായ അടയാളങ്ങളിലൂടെ - ചേഷ്ടകളിലൂടെയും പ്രായശ്ചിത്തപ്രവൃത്തികളിലൂടെയും - പ്രകടിപ്പിക്കപ്പെടേണ്ടതുണ്ട്. (C C C 1430)









ഫാ. ഷിബു പുളിക്കൽ
കല്യാൺ രൂപത

# ദൈവത്തിന്റെ കയ്യൊപ്പ്

ഭർത്താവും ഭാര്യയും പട്ടണത്തിലെ പ്രധാന നിരത്തിലൂടെ നടന്നുപോകുമ്പോൾ വലിയൊരു തുണിക്കടയുടെ മുന്നിലൂടെ കടന്നു പോകേണ്ടിവന്നു. തുണിക്കടയിൽ തൂക്കിയിട്ടിരിക്കുന്ന മനോഹരമായ സാരികൾ ചൂണ്ടിക്കാണിച്ചിട്ട് ഭർത്താവ് ഭാര്യയോട് ചോദിച്ചു: 'ആ കടയിൽ തൂക്കിയിട്ടിരിക്കുന്ന സാരി നിനക്ക് ഒത്തിരി ഇഷ്ടപ്പെട്ടുവോ?' പ്രതീക്ഷയോടെ ഭാര്യ തലയാട്ടി. ഭർത്താവ് പറഞ്ഞു: 'എങ്കിൽ നാളെയും നമുക്കിതിലേ വരാം. അപ്പോൾ നിനക്ക് നാളെയും അത് കാണാമല്ലോ?'

സ്നാപകയോഹന്നാന്റെ ശിഷ്യന്മാർ ഈശോയെ കണ്ടപ്പോൾ ചോദിച്ചു, 'ഗുരോ അങ്ങ് എവിടെയാണ് വസിക്കുന്നത്?' ഈശോ പറഞ്ഞു: 'വന്നു കാണുക'. അവർ ചെന്നു കണ്ടു, യേശുവിനെ സ്വന്തമാക്കി, അവന്റെ ശിഷ്യരായി മാറി.


ജീവിതത്തിൽ പലപ്പോഴും നമ്മൾ മിശിഹായെ കാണാൻ പോകുന്നവരാണ്. കണ്ടതിനെ സ്വന്തമാക്കാൻ നമ്മൾ ശ്രമിക്കാറില്ല. ചിലപ്പോഴൊക്കെ നമ്മൾ ചോദിക്കാറുള്ള ഒരു ചോദ്യമുണ്ട്. 'നീ ഇന്ന് കുർബാന കണ്ടോ?' കണ്ടു എന്നോ കണ്ടില്ലെന്നോ മറുപടി. കണ്ടതിനുശേഷം എന്തു സംഭവിക്കുന്നു എന്ന് നമ്മൾ ചിന്തിക്കണം.

ദൈവത്തിന്റെ കയ്യൊപ്പ് നമ്മളിൽ ഉണ്ടാവുക എന്നതാണ് പ്രധാനം. ഒരിക്കൽ ഒരു പ്രോഗ്രാമിന്റെ ഉദ്ഘാടനത്തിനുവന്ന ഒരു സിനിമാ നടന്റെ പുറകെ യുവതിയുവാക്കൾ ഓടുന്നത് കണ്ടു. ഓടുന്ന ഒരു യുവാവിനെ പിടിച്ചു നിറുത്തി ചോദിച്ചപ്പോൾ അവൻ പറഞ്ഞു, ആ നടന്റെ ഒപ്പ് വാങ്ങാൻ ഓടുന്നതാണെന്ന്.

ഈ ലോകത്തിലെ ആരുടെ ഒപ്പ് വാങ്ങിയാലും അതൊക്കെ നശ്വരങ്ങളാണ്. കുറച്ചു കാലം കഴിയുമ്പോൾ അതെല്ലാം മാഞ്ഞു പോകും. എന്നാൽ 'ദൈവത്തിന്റെ കയ്യൊപ്പ്' കിട്ടിയാൽ എന്നല്ലേ അർത്ഥം.

ദൈവത്തിന്റെ കയ്യൊപ്പ് സ്വന്തമാക്കുക, ദൈവത്തെ സ്വന്തമാക്കുക.

## ദൈവദാസൻ ബിഷപ് വില്യം ജകീന്താ












# വചനം വായിക്കൂ... പിശാചിനെ അകറ്റൂ... സമ്മാനം നേടൂ...

കൂട്ടുകാരേ സുവിശേഷത്തിന്റെ മുഴുവൻ വിവരണത്തിലെന്നതുപോലെതന്നെ പീഡാനുഭവ വിവരണത്തിലും സുവിശേഷകന്മാർക്ക് താന്താങ്ങളുടേതായ പ്രത്യേകതകളുണ്ടായിരുന്നു. ഈശോയുടെ പീഡാനുഭവവിവരണങ്ങൾ ശ്രദ്ധയോടെ വായിച്ചശേഷം താഴെപ്പറയുന്ന ഭാഗങ്ങൾ ഏതു സുവിശേഷകന്റെ പ്രത്യേകതയാണെന്നു കണ്ടെത്തൂ.

1. യൂദാസിൽ സാത്താൻ പ്രവേശിച്ചു എന്നു പറയുന്ന സുവിശേഷകൻ
2. ഗദ്സമെനിയിലെ പ്രാർത്ഥനാരംഗം ഈ ശ്ലീഹാ മാത്രം വിവരിക്കുന്നില്ല
3. ഈശോ രക്തം വിയർക്കുന്ന രംഗം രേഖപ്പെടുത്തിയിരിക്കുന്ന സുവിശേഷകൻ
4. യൂദാസിന്റെ മരണം രേഖപ്പെടുത്തിയിരിക്കുന്നത് ഈ ശ്ലീഹായുടെ സുവിശേഷത്തിലാണ്.
5. ഹേറോദേസ് ഈശോയെ കാണാൻ ആഗ്രഹിച്ചിരുന്നുവെന്ന് ഈ സുവിശേഷകൻ കാരണസഹിതം പറയുന്നു
6. ഈശോ പ്രാർത്ഥിച്ച സ്ഥലം കെദ്രോൺ അരുവിയുടെ അക്കരെയാണെന്നാണ് ഈ ശ്ലീഹായുടെ ഭാഷ്യം
7. ഈശോ സ്വയം കുരിശുചുമുന്നു എന്നു എടുത്തുപറയുന്ന ഈ ശ്ലീഹായുടെ പീഡാനുഭവ വിവരണത്തിലൂടെ ഈശോ സന്തോഷത്തോടെ കുരിശു ചുമന്നു എന്നുവേണം അനുമാനിക്കുവാൻ
8. കുരിശിൻ ചുവട്ടിലെ സ്ത്രീകളുടെ പേരു പറയാത്ത ഏക സുവിശേഷകൻ
9. അന്നാസിന്റെ മുമ്പിലെ വിചാരണ ഇദ്ദേഹത്തിന്റെ മാത്രം വിവരണത്തിലാണുള്ളത്
10. ഈശോയുടെ മരണം പീലാത്തോസ് ശതാധിപനെ വിളിച്ച് ഉറപ്പാക്കുന്ന രംഗം ഏതു സുവിശേഷകനാണ് വിവരിക്കുന്നത്?

(തയ്യാറാക്കിയത് : സ്റ്റെഫി മംഗലത്തുകുന്നേൽ)

**കഴിഞ്ഞ ലക്കത്തിലെ വിജയി:**
**അനീറ്റാ സെബാസ്റ്റ്യൻ**
**പന്തംപ്ലാക്കൽ, പൈസക്കരി**

(15 വയസ്സുവരെയുള്ള കൂട്ടുകാർക്കാണ് ഈ മത്സരം. ആദ്യം ലഭിക്കുന്ന 5 ശരിയുത്തരങ്ങളിൽ നിന്നും നറുക്കിട്ടായിരിക്കും വിജയിയെ കണ്ടെത്തുക. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി – ഫെബ്രുവരി 15).
**അയയ്ക്കേണ്ട വിലാസം:**
പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം 686 018


Youth Corner

# HOW DO I WITNESS JESUS IN MY LIFE?

**Celia Sunil,** Class V
St. Thomas Church,Dapodi, Pune-27

**Introduction**

To me, to witness Jesus means to show Jesus to others. Jesus taught us various lessons like love, forgiveness, etc., Through his own actions and life. So, the best way to show Jesus to others is through our own actions and life. Though I am only a ten year old, i have many roles to play in my life. Through the following paragraphs, I am trying to explain, how I witness Jesus in those roles :-



**1. As a Daughter**

I am the eldest daughter of my parents. I am an obedient child. I understand that my parents come back from office tired and tensed. if I am watching TV then, I switch it off and get up as a mark of respect. I offer them a glass of water. I always welcome them with a smiling face and behave warmly. I complete the home work and other assignments as fast as possible and do not trouble them. in the morning, i wake up early and get prepared on my own to go to school. In the evenings, I always take initiative to start the prayers. After eating, I clear the table and try to help them in whatever way I can. I keep things in its proper place so that we do not waste time searching for things.





**2. As a Friend**

I have many friends in school, church and home. While playing, I share my bicycle, badminton racket, toys, dolls, eatables, etc., with them and always adjust so that there are no quarrels. I never use bad words against them. Some times, when they make fun of me, I face it with a smile and never argue. I remember their birthdays, wish them and give cards or gifts to them. I congratulate them when ever they excel in their studies or extra curricular activities. I always remember them in my prayers.

**3. As a Student**

I am disciplined and very attentive in my class. I respect teachers, follow their instructions and strictly adhere to the rules of the school. I help weaker students in their studies and seek help from those who are brighter than me. I always do the home work, projects and other assignments as instructed by the teachers. I have a very good relationship with fellow students. When some students trouble me, I forgive them and pray for them.

**4. As a Catechism Student**

I participate in the mass prayerfully and say the prayers loudly. I am attentive in my class and give equal importance to catechism as my school curriculum. I study catechism thoroughly and read bible daily. I know various prayers by-heart both in malayalam and english.

**5. As an Elder Sister**

My sister is not even two years old. I share the chocolates and other eatables with her. I change her wet clothes and diapers. Whenever she falls or injures herself, I lift her up in my arms and pacify her. Whenever she is frightened or afraid of some thing, I hold her tightly to reassure her. at times, when my parents are busy with various works, I help her in eating. Whenever my younger sister creates trouble for me, I react very patiently.

**6. As a Grand Daughter**

My grand parents live in kerala. Whenever my parents phone them up, I talk to them. During vacations, when we visit our home town, I behave very nicely with them. I give them some surprise gifts during such visits. 1 wish them on their birth days, anniversaries and greet them during festivals, etc.

**Conclusion**

Jesus taught us to love one another as he loved us, which he showed us through his own life. As I am only a small girl, I cannot do great things, But as mother Teresa said “we cannot do great things, but we can do small things with great love”. Therefore, one way to witness Jesus in my life is by properly doing whatever I am supposed to do in various roles of my life and through practicing various virtues taught by him in my life.

രൂപികരണം

# ഈശോയായി തീരുവാൻ ഒരു നോമ്പുകാലം

**ലീന അറയ്ക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**



*"ദൈവമായ കർത്താവ് എന്റെ കാതുകൾ തുറന്നു. ഞാൻ എതിർക്കുകയോ പിന്മാറുകയോ ചെയ്തില്ല. അടിച്ചവർക്കു പുറവും താടിമീശ പറിച്ചവർക്കു കവിളുകളും ഞാൻ കാണിച്ചുകൊടുത്തു. നിന്ദയിൽനിന്നും തുപ്പലിൽ നിന്നും ഞാൻ മുഖം തിരിച്ചില്ല. ദൈവമായ കർത്താവ് എന്നെ സഹായിക്കുന്നതിനാൽ ഞാൻ പതറുകയില്ല" (ഏശയ്യ 50:5-7).*

**മി**ശിഹായുടെ പീഡാനുഭവത്തെ സ്മരിക്കുന്ന നോമ്പുകാലത്ത് മിശിഹാനുയായികളുടെ മനോമുകരത്തിൽ തെളിഞ്ഞുവരുന്ന ചിത്രമാണ് ഏശയ്യാപ്രവാചകൻ വിവരിക്കുന്ന ഈ സഹനദാസന്റേത്. ഈശോയുടെ പീഡകളോർത്ത് കണ്ണീർ വാർക്കുവാനും സഹതപിക്കുവാനുമുള്ള സമയമല്ല നോമ്പുകാലം. മറിച്ച് അവിടുത്തെ ക്ഷമയും സ്നേഹവും അനുസരണയും ത്യാഗവും, മനുഷ്യകുലത്തിനായി അനുഭവിച്ച ആന്തരികവും ബാഹ്യവുമായ വേദനകളും സഹനങ്ങളും ജീവിതത്തിൽ പ്രാവർത്തികമാക്കുവാനുള്ള അവസരമാണ്. ഇതിനായി

**ദൈവത്തോട്:** ദൈവത്തിന്റ വചനം, അവിടുത്തെ ഹിതം ശ്രവിക്കുന്നതിനായി നമ്മുടെ കാതുകൾ തുറന്നുതരണമേയെന്നു പ്രാർത്ഥിക്കാം. അവിടുത്തെ വചനത്തെ എതിർക്കുകയോ അതിൽനിന്ന് പിന്മാറുകയോ ചെയ്യാതിരിക്കാം. പ്രാർത്ഥനയിൽ ദൈവത്തോടു വാചാലമായി സംസാരിക്കുന്നതിലുപരി അവിടുത്തെ വാക്കുകൾ ശ്രവിക്കാൻ കാതോർക്കാം. അത് ജീവിതത്തിൽ പ്രാവർത്തികമാക്കാം.

**തന്നോടുതന്നെ:** നിന്ദിക്കുന്നവരുടെ നേർക്കും അവഹേളിക്കുന്നവരുടെ നേർക്കും കോപാകുലരാകാതിരിക്കാം. അവകാശവാദങ്ങൾ കുറയ്ക്കുകയും സ്വന്തം കടമകൾ ഏവയെന്ന് അന്വേഷിച്ചുകണ്ടെത്തുകയും സ്നേഹത്തോടെ അവ നിർവഹിക്കുകയും ചെയ്യാം.

**മറ്റുള്ളവരോട്:** ആത്യന്തികമായി ശുശ്രൂഷയുടെ മനോഭാവം പുലർത്തുക. അവരുടെ കുറവുകളിൽ, പരിമിതികളിൽ, ബലഹീനതകളിൽ, തെറ്റുകളിൽ വിരൂപമാക്കപ്പെട്ടതെങ്കിലും സഹനദാസനായ ഈശോയുടെ മുഖം ദർശിക്കുക (മാതാപിതാക്കളിൽ, സഹോദരങ്ങളിൽ, ബന്ധുക്കളിൽ, അയൽക്കാരിൽ, സുഹൃത്തുക്കളിൽ, മക്കളിൽ, ഭാര്യാഭർത്താക്കന്മാരിൽ ഈശോയുടെ മുഖം കാണുക)

**സാഹചര്യങ്ങളോട്:** ജന്മനായുള്ള ബലഹീനതകളെ അംഗീകരിക്കുക. പ്രകൃതിദത്തമായി കൈവന്ന ദരിദ്രസാഹചര്യങ്ങളെ സ്വീകരിക്കുക. അതായത് സാമ്പത്തികം, സൗന്ദര്യം, ജോലി, രോഗങ്ങൾ മുതലായവയിലെല്ലാം ദൈവമഹത്ത്വം കണ്ടെത്തി അവയിൽനിന്നും മുഖം തിരിക്കാതിരിക്കുക.





വിശുദ്ധരോടൊപ്പം



# വിശുദ്ധ ജിയന്ന ബെറേറ്റ മോള

**ജിജി പുല്ലത്തിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**അ**മ്മേ... എത്ര വിളിച്ചാലും മതിയാവില്ല. എത്ര കണ്ടാലും കൊതി തീരില്ല... എത്ര എഴുതിയാലും തൃപ്തി വരില്ല... അരികത്തായിരിക്കുമ്പോൾ അലിവിന്റെ നിറവും അകലെയായിരിക്കുമ്പോൾ പ്രാർത്ഥനയുടെ ശക്തിയുമായി ... നിലയ്ക്കാത്ത സ്നേഹവുമായി... വറ്റാത്ത കാരുണ്യമായി...ക്ഷമാസാഗരമായ അമ്മേ... ഉള്ളു പൊള്ളിക്കുന്ന ആ കവിത ഒന്നുകൂടി ആലപിച്ചോട്ടെ...

"നൊന്തുപെറ്റ സ്നേഹമേ...
നിന്റെ സ്നേഹത്തിന്റെ മുലപ്പാലും
ത്യാഗത്തിന്റെ അമൃതും
നീ ഒതുങ്ങിയും സ്വയം ഞെരുങ്ങിയും നീറിയും
വച്ചു വിളമ്പിയ വാത്സല്യവും
വാർത്തന്നെടുത്തതാണെന്റെ ജന്മം
അമ്മേ... നിന്റെ കണ്ണുനീരാണെന്റെ പുണ്യം" (അമ്മ)

സ്നേഹമുള്ള എമ്മാനുവേല...

മാതൃസ്നേഹം മതിവരുവോളം അനുഭവിച്ചുകൊണ്ട് നിനക്ക് ജന്മദിനാശംസകൾ അർപ്പിക്കുമ്പോൾ വിശുദ്ധയായ നിന്റെ അമ്മയെപ്പറ്റിയുള്ള ഓർമ്മകൾ കണ്ണുകളെ ഈറനണിയിക്കുകയാണ്. അന്ന് ഒരു ഏപ്രിൽ മാസമായിരുന്നു. കൃത്യമായി പറഞ്ഞാൽ 1962 ഏപ്രിൽ 28. നിനക്കു ജീവൻ തരുവാൻവേണ്ടി നിന്റെ അമ്മ രക്തസാക്ഷിണിയായ പുണ്യദിനം! ഏപ്രിൽ 21ന് നീ പിറന്നതിനുശേഷം നിന്റെ അമ്മ ജിയന്നയുടെ മണിക്കൂറുകൾ നീറുന്നതായിരുന്നു. അസഹനീയമായ വേദന തിന്നുകൊണ്ടുള്ള ഏഴു ദിവസങ്ങൾ... വേദനയാൽ പുളയുമ്പോഴും അവൾ നിന്നെ മാറോടണച്ചിട്ടുണ്ടായിരുന്നു. നിനക്കുവേണ്ടിയായിരുന്നു. നിന്റെ ജീവനുവേണ്ടിമാത്രമായിരുന്നു മോളേ... നിന്റെ അമ്മച്ചി ഈ വേദനയെല്ലാം സഹിച്ചത്. ഓർക്കുന്നില്ലേ ആ സുദിനം! അമ്മ നിന്നെ ഉദരത്തിൽ വഹിക്കാൻ തുടങ്ങിയത് 1961 ലായിരുന്നു. നിന്റെ അമ്മയ്ക്ക് എത്ര സന്തോഷമായിരുന്നെന്നോ...



പക്ഷേ, എന്താണെന്നറിയില്ല... നിന്നെ ഗർഭം ധരിച്ച് രണ്ടു മാസം കഴിഞ്ഞപ്പോൾ അമ്മയ്ക്കു വയറ്റിൽ കലശലായ വേദന അനുഭവപ്പെട്ടു തുടങ്ങി. സുദീർഘമായ വൈദ്യപരിശോധനയിൽ ഗർഭപാത്രത്തിൽ മുഴ വളരുന്നുണ്ടെന്നു ഭിഷഗ്വരന്മാർ കണ്ടെത്തി. അടിയന്തിരമായി അതു നീക്കം ചെയ്തില്ലെങ്കിൽ പ്രസവശേഷം മാതാവു മരിക്കുമെന്നായിരുന്നു അവരുടെ വിധിയെഴുത്ത്!!!

മോളേ... നിന്റെ അമ്മയുടെ സർവ്വനാഡിഞരമ്പുകളും തളർന്നുപോയി. തനിക്കു ചുറ്റുമുള്ള ഭൂമി കറങ്ങുന്നുവോ? 1949 ൽ മെഡിസിനിലും സർജറിയിലും ഡോക്ടറേറ്റ് ഡിഗ്രി കരസ്ഥമാക്കിയ നിന്റെ അമ്മയുടെ മനസ്സിന്റെ സമനില തെറ്റിയ നിമിഷങ്ങൾ!! പീഡിയാട്രിക്സിൽ വൈദഗ്ധ്യം നേടി, ആതുരശുശ്രൂഷാരംഗത്ത് അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പാവപ്പെട്ടവർക്കും വൃദ്ധർക്കും സ്നേഹശുശ്രൂഷ ചെയ്ത സ്നേഹമയിയായ അമ്മ പൊട്ടിക്കരഞ്ഞു... "ഒരു തീരുമാനമെടുക്കാൻ പറ്റുന്നില്ലല്ലോ ദൈവമേ..."

തന്റെ ദയനീയതയും ദുഃഖവും തന്റെ സുഹൃത്തുക്കളോടും ബന്ധുക്കളോടും പങ്കുവച്ചപ്പോൾ അമ്മയ്ക്കു ലഭിച്ച മറുപടി അമ്മച്ചിയുടെ വയറ്റിൽ കിടന്ന മോളും കേട്ടതല്ലേ...

"എന്തൊരു വട്ടാ ജിയന്നാ, നിനക്ക്... ഇത് നാലാമത്തെയല്ലേ... ഒന്നു കഴിഞ്ഞപ്പോഴേ ഞാൻ നിറുത്തി..."

"രണ്ടു കഴിഞ്ഞിട്ടും നിറുത്താത്തത് ബുദ്ധിമോശമായിപ്പോയി. എന്തു കഷ്ടപ്പാടാണെന്നോ ഇവറ്റകളെ ഒന്നു വളർത്തിയെടുക്കാൻ...നന്ദിയില്ലാത്ത വർഗ്ഗം."

"ജിയന്നാ... ജീവനാണു പ്രധാനം. ഇതു കളയുന്നതാ നല്ലത്..."

സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും ഉപദേശങ്ങളുടെയും നിർദ്ദേശങ്ങളു





ടെയും നടുവിൽ നിന്റെ അമ്മ വെന്തുനീറിയ ദിനങ്ങൾ...

"ജിയന്നാ നമുക്കിപ്പോൾ മൂന്നു കുട്ടികളുണ്ടല്ലോ... ഇവർക്ക് അമ്മ വേണ്ടേ..." കൊച്ചിന്റെ അപ്പന്റെ അഭിപ്രായം കേട്ട് അമ്മ പൊട്ടിക്കരഞ്ഞു.

മോളേ, എമ്മാനുവേല, നിന്റെ അപ്പച്ചൻ പിയേത്രോ മോള ഇങ്ങനെ പറഞ്ഞപ്പോൾ നിന്റെ അമ്മ അനുഭവിച്ചറിഞ്ഞ പ്രാണവേദന നീയനുഭവിച്ചറിഞ്ഞതല്ലേ... അപ്പച്ചനോടു പിണക്കം തോന്നല്ലേ മോളെ... വേർപാടു മുന്നിൽക്കാണുമ്പോൾ ഏതൊരപ്പനും പറയുന്ന സ്വാഭാവികമായ മറുപടി മാത്രമായി കരുതിയാൽ മതി...

നിന്നെയും വയറ്റിലിട്ടുകൊണ്ട് അമ്മ അഭയം തേടിയത് ക്രൂശിതന്റെ മുന്നിലായിരുന്നല്ലോ... മനസ്സിൽ ശക്തമായ വടംവലി വേണം...വേണ്ട... വേണ്ട... വേണ്ട...വേണം... മറ്റൊരു ഗദ്സമേൻ... കരഞ്ഞുവീർത്ത കണ്ണുകളുമായി അവൾ ക്രൂശിതനെ നോക്കി... തികച്ചും ഭയാനകമായ ഗദ്സെമനനുഭവം അവൾ അവിടെ കണ്ടു. ഭീകരമായ മൽപ്പിടിത്തത്തിനൊടുവിൽ ഈശോ പറഞ്ഞു:"പിതാവേ, നിന്റെ ഇഷ്ടം നിറവേറട്ടെ... കുരിശിൽ അന്ത്യശ്വാസം വലിച്ചപ്പോഴും അതുതന്നെ ആവർത്തിച്ചു. ക്രൂശിതന്റെ ആത്മാർപ്പണത്തിന്റെ ആത്മീയക്കരുത്തല്ലേ നിന്റെ അമ്മയ്ക്ക് ആവേശമായത്...

ക്രൂശിതന്റെ മുന്നിലിരുന്നല്ലേ അമ്മ നിനക്കു പേരിട്ടത്..."എമ്മാനുവേല"- "ദൈവം നമ്മോടുകൂടെ" എന്നർത്ഥമുള്ള പേര് നിനക്ക് നൽകിയിട്ട് നിന്റെ അമ്മച്ചി പറഞ്ഞ വാക്കുകൾ ഞങ്ങളെ അത്ഭുതസ്തബ്ധരാക്കുന്നു.

"ഇല്ല... എന്റെ ജീവൻ പോയാലും എന്റെ കുഞ്ഞിനെ കൊല്ലാൻ ഞാൻ സമ്മതിക്കുകയില്ല. എന്റെ കുഞ്ഞോ ഞാനോ എന്നൊരു സംശയമുണ്ടായാൽ എന്റെ കുഞ്ഞിനെ രക്ഷിക്കണേ..."

അമ്മയുടെ ആത്മാർപ്പണത്തിന്റെ മുമ്പിൽ അപ്പൻ വെന്തുനീറിയ നിമിഷങ്ങൾ!! ആതുരശുശ്രൂഷകയായ അമ്മയുടെ ആത്മധൈര്യത്തിനുമുമ്പിൽ അടിയറവു പറഞ്ഞ ഭിഷഗ്വരന്മാർ...

പ്രിയപ്പെട്ട എമ്മാനുവേലാ ദൈവത്തിന്റെ സ്വന്തം നാട്ടിലെ അവസ്ഥ വളരെ പരിതാപകരമാണ്. ഉറുമ്പരിച്ചുകിടക്കുന്ന നവജാതശിശുക്കളുണ്ടിവിടെ... റെയിൽവേസ്റ്റേഷനിലും കുപ്പക്കുഴിയിലും കക്കൂസ് ടാങ്കിലും നിരവധി കുഞ്ഞുങ്ങളെ ജീവനോടെയും അല്ലാതെയും കാണാം. പട്ടിക്കു കടിച്ചു വലിക്കാൻ സ്വന്തം കുഞ്ഞിനെ എറിഞ്ഞുകൊടുക്കുന്ന അപ്പന്മാരും അമ്മമാരും വിരളമായിട്ടാണെങ്കിലും ഇവിടെയുണ്ട്... ഉദരത്തിൽ ഉരുവായ കുഞ്ഞിനെ ഉരുളൻ കല്ലുകൊണ്ട് ഇടിച്ചുകൊന്ന അമ്മയുണ്ട്...സ്വന്തം സ്വാർത്ഥസുഖത്തിനായി... ജീവനെ നശിപ്പിക്കാൻ ആർക്കും ഒരു മടിയുമില്ലാതായിരിക്കുന്നു... ഗർഭഛിദ്രങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു... ജീവന്റെ ദൂതുമായി സ്വർഗ്ഗത്തിലായിരിക്കുന്ന ജിയന്നാ... ഇതെല്ലാം കണ്ട് നീ പൊട്ടിക്കരയുന്നുണ്ടാവും... മാപ്പ്... അല്ലാതെന്തു പറയാൻ...

രക്തസാക്ഷിണിയുടെ രക്തത്തിൽ പിറന്ന എമ്മാനുവേലാ... 1962 ഏപ്രിൽ 21 ന് പ്രാണവേദനയാൽ പിടഞ്ഞ് നിനക്ക് പ്രാണൻ നല്കിയ അമ്മയെ ഓർക്കുമ്പോൾ ഫുൾട്ടൻ ജെ. ഷീനിന്റെ വാക്കുകൾ മനോമുകരത്തിൽ തെളിയുന്നു: "ശിശുവിന്റെ ജനനത്തോടൊപ്പം തന്റെ ജീവനെ പണയപ്പെടുത്തുന്നവളാണ് അമ്മ. അതുകൊണ്ടുതന്നെ അപരർക്കുവേണ്ടി ആത്മാർപ്പണം ചെയ്യുന്നതിന്റെ അർത്ഥം അവൾക്കു മറ്റാരെയുംകാൾ കൂടുതൽ അറിയാം."

അമ്മേ... ജിയന്നാ, 1962 ഏപ്രിൽ 28 ന് നീ അന്ത്യശ്വാസം വലിച്ചപ്പോൾ ഈ വാക്കുകൾ നിന്നിലൂടെ അർത്ഥവത്തായി. അമ്മയുടെ ആത്മാർപ്പണത്തിന്റെ അത്യുച്ചകോടി ഞങ്ങളിവിടെ ദർശിക്കുകയാണ്. പ്രസവവേദനയാൽ

നിന്റെ ജീവനെ പണയപ്പെടുത്തുക മാത്രമല്ലല്ലോ മറ്റൊരു ജീവനുവേണ്ടി ഹോമിക്കുകയും ചെയ്തില്ലേ... ധീരോദാത്തതയോടെ മരണം വരിച്ചില്ലേ...

ഏപ്രിലിൽ പിറന്ന എമ്മാനുവേലാ... 1922 ഒക്ടോബർ 4 ന് ഇറ്റലിയിലെ മറജന്തായിൽ ജനിച്ച നിന്റെ അമ്മ വിശുദ്ധരുടെ പദവിയിലേക്കുയർത്തപ്പെട്ടുകഴിഞ്ഞിരിക്കുകയാണ്. അമ്മയെ അൾത്താരയിലേക്കുയർത്തിക്കൊണ്ട് ജോൺ പോൾ രണ്ടാമൻ മാർപാപ്പാ പറഞ്ഞ വാക്കുകൾ ഞങ്ങളെ പുളകമണിയിക്കുന്നു.

“മാതൃത്വത്തിന്റെ രക്തസാക്ഷിണിയാണവൾ... മാത്രമല്ല, മഹത്തായൊരു മാതൃകകൂടിയാണ്.”

അതേ, എമ്മാനുവേലാ, നിന്റെ അമ്മയെപ്പോലെ മഹത്തായ മാതൃക നൽകുന്ന അനേകം അമ്മമാരും ഇവിടെ ഉണ്ട്. പത്തും പതിനാലും മക്കളെ നൊന്തുപ്രസവിച്ച അമ്മമാർ... അവർക്കാർക്കും ആരും അവാർഡു കൊടുത്തിട്ടില്ല... എത്ര മക്കളെ ലഭിച്ചാലും അവരെയെല്ലാം ദൈവത്തിന്റെ ദാനമായിക്കണ്ടുകൊണ്ട് മക്കൾക്കുവേണ്ടി ജീവൻ ഹോമിച്ച അമ്മമാരുടെ മക്കളാണ് ഞങ്ങൾ... അവരൊക്കെ അറിയപ്പെടാത്ത വിശുദ്ധരുടെ ഗണത്തിലാണെന്നേയുള്ളു... ഉണ്ണാതെയും ഉറങ്ങാതെയും സ്വയം ഒതുങ്ങിയും നീറിയും ജീവിക്കുന്ന അമ്മമാരുടെ സുകൃതമാണ് ഞങ്ങളുടെ ജീവിതത്തിന്റെ ബലം. അമ്മയെപ്പറ്റി എത്ര എഴുതിയാലും മതിയാവാത്തതുകൊണ്ട് ഇനി നിർത്തട്ടെ...

പ്രിയപ്പെട്ട എമ്മാനുവേലാ...

എന്തിനാ എന്റെ അമ്മയെപ്പറ്റി ഇത്ര വിവരിച്ച് എന്നോടു പറയുന്നതെന്ന് നീ വിചാരിക്കുന്നുണ്ടാവും...

മറ്റൊന്നിനുമല്ല... മക്കളുടെ മനസ്സുതിരിയാൻ ആത്മാർത്ഥമായി ആഗ്രഹിച്ചതുകൊണ്ടു മാത്രം...

നൊന്തുപെറ്റ അമ്മയെ മറക്കുന്ന ഒത്തിരി മക്കളുണ്ടിവിടെ...

കയ്യോ കാലോ വളരുന്നതെന്ന് നോക്കി വളർത്തി വലുതാക്കിക്കഴിയുമ്പോൾ പുറംകാലുകൊണ്ട് തൊഴിച്ചെറിയുന്നവരുമുണ്ട്. ജന്മം നല്കിയ അപ്പനെയും അമ്മയെയും ആട്ടിപ്പുറത്താക്കുന്നവരും അനാഥാലയത്തിലെത്തിക്കുന്നവരും ആറ്റിൽ തള്ളിയിടുന്നവരുമൊക്കെയുണ്ട്...

ഈ മക്കളൊക്കെ മാതൃസ്നേഹത്തിലേക്കു തിരിച്ചു വന്നിരുന്നെങ്കിൽ... ചങ്കുപിളർക്കുന്ന നിന്ദാവചനങ്ങൾ ഉരിയാടാതിരുന്നെങ്കിൽ... സ്വയം വിചിന്തനത്തിനും സ്വയം വിമർശനത്തിനും വേണ്ടി മാത്രം...

പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോൾ പ്രചോദനമാകുവാൻ... വിശുദ്ധിയുടെ പാതയിൽ ഒരു കുഞ്ഞുചുവടുവയ്ക്കുവാൻ... അതിനുവേണ്ടി... അതിനുവേണ്ടി മാത്രം...





# നീതിമാന്റെ സ്മരണ എന്നും നിലനില്ക്കും

നെവിൻ മങ്ങാട്ട്

“അവളുടെ ഭർത്താവായ ജോസഫ് നീതിമാൻ ആയിരുന്നതിനാലും....” ഇങ്ങനെ സുവിശേഷം സാക്ഷ്യപ്പെടുത്തുന്നുവെങ്കിലും ചരിത്രം യൗസേപ്പുപിതാവിനോട് നീതി കാട്ടിയില്ല എന്നു പറയുന്നതായിരിക്കും സത്യം. തന്റേതല്ലാത്ത കുഞ്ഞിനുവേണ്ടി ജീവിച്ച ഒരപ്പന്റെ കഥയാണ് ജോസഫിൽ തെളിയുക. യാഥാർത്ഥ്യമല്ലെങ്കിലും, കലാകാരന്മാർ യൗസേപ്പുപിതാവിനെ പലപ്പോഴും ഒരു പടുവൃദ്ധനായാണ് ചിത്രീകരിച്ചിരിക്കുക. ലോകദൃഷ്ട്യാ ഇങ്ങനെയൊക്കെയാണെങ്കിലും ദൈവികദൃഷ്ടിയിൽ നീതിമാനായ ജോസഫ് എങ്ങനെയായിരുന്നു എന്നത് സത്ചിന്ത പ്രദാനം ചെയ്യാനിടനല്കും.

പകൽജീവിതത്തിന്റെ ബാക്കിപത്രങ്ങളാണ് രാത്രിസ്വപ്നങ്ങൾ. തിരുവചനം പറയുന്നു, ‘അവൻ ഇതേക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കേ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടു’. പ്രശ്നസങ്കീർണ്ണമായ നിമിഷങ്ങളിലും മാലാഖമാരെ സ്വപ്നം കാണുവാൻ തക്കവിധം അത്ര സ്വസ്ഥമായി ജോസഫിന് ഉറങ്ങുവാൻ സാധിച്ചുവെങ്കിൽ അവൻ സ്വർഗ്ഗത്തോടാണ്, ദൈവത്തോടാണ് ആലോചനയിൽ ഏർപ്പെട്ടത് എന്നത് വ്യക്തം. ഇതിലൂടെ നീതിമാനായ യൗസേപ്പ് സ്വർഗ്ഗത്താൽ നയിക്കപ്പെട്ട വ്യക്തിയാണ് അല്ലെങ്കിൽ ദൈവത്താൽ നിയന്ത്രിക്കപ്പെട്ട വ്യക്തിയാണ് എന്നു പറയാനാവും.

ഞാൻ ആർക്കും ഒരു ദ്രോഹവും ചെയ്തിട്ടില്ലല്ലോ. എന്നിട്ടും എന്തിനീ അവസാനമില്ലാത്ത കഷ്ടപ്പാട് എന്ന് സങ്കടപ്പെടുന്നവർക്കുള്ള സുവിശേഷമാണ് ജോസഫ്. കേൾക്കുന്ന പ്രാർത്ഥനകൾക്കു പിന്നിൽ മാത്രമല്ല, കേൾക്കപ്പെടാത്ത പ്രാർത്ഥനകൾക്കു പിന്നിലും ദൈവം മറഞ്ഞിരിക്കുന്നു എന്ന് ജോസഫ് നമ്മെ പഠിപ്പിക്കുന്നു. ശുഭകാലങ്ങളിൽ മാത്രമല്ല സങ്കടങ്ങളിലും ദൈവം നമ്മോടൊപ്പമുണ്ട്...

താൻമൂലം ഒരു തുള്ളി കണ്ണുനീരുപോലും ഈ ഭൂമിയിൽ വീഴരുത് എന്ന് ശപഥംചെയ്ത വ്യക്തിയായിരുന്നു ജോസഫ് എന്നതാണ് അദ്ദേഹത്തിന്റെ രണ്ടാമത്തെ ആത്മീയശ്രേഷ്ഠത. “അവളെ അപമാനിതയാക്കാൻ ഇഷ്ടപ്പെടായ്കയാൽ” സ്വന്തം രക്തത്തിൽ പിറക്കാത്ത കുഞ്ഞിനുവേണ്ടി ജീവിച്ചവൻ... അപരന്റെ സത്പേര് നഷ്ടപ്പെടുത്താതിരിക്കുക എന്നത് ഒരു വലിയ പുണ്യമാണല്ലോ. ഇന്നത്തെ സമൂഹം അവഗണിക്കുന്ന ഒരു പുണ്യവും ഇതുതന്നെ. താല്ക്കാലിക സുഖത്തിനും നേട്ടത്തിനുംവേണ്ടി വിഷവാക്കുകളാൽ സഹോദരന്റെ സത്പേരിനെ കളങ്കപ്പെടുത്തുന്നവർക്ക് മറിയത്തിന്റെ സത്പേരിനെ സംരക്ഷിക്കുന്ന ജോസഫ് വെല്ലുവിളിയാണ്.

യൗസേപ്പിന്റെ കുടുംബത്തെ തിരുക്കുടുംബം എന്നാണല്ലോ തിരുസ്സഭ വിശേഷിപ്പിക്കുന്നത്. ആ കുടുംബം തിരുക്കുടുംബമായതിന്റെ പിന്നിൽ ചില സ്വർണ്ണദണ്ഡുകളുണ്ട്... ഒന്നാമതായി, പ്രശ്നകലുഷിതമായ കുടുംബാന്തരീക്ഷത്തിലും ദൈവത്തോട് ആലോചന ചോദിക്കാനുള്ള വിവേകം ഈ കുടുംബത്തിന്റെ സവിശേഷതയാണ്. ഒരു കുടുംബം തകർക്കാൻപോന്ന, ഭാര്യയുടെ ചാരിത്രശുദ്ധിയെ സംശയിക്കേണ്ടിവന്ന സാഹചര്യത്തിലും നിയമത്തെ അതിലംഘിക്കുന്ന സ്നേഹം അനുഷ്ഠിക്കുന്ന യൗസേപ്പ് ഈ കുടുംബത്തിന്റെ രണ്ടാമത്തെ പ്രത്യേകതയാണ്. ജീവിതപങ്കാളിയുടെ ആത്മാഭിമാനത്തിന് കാവൽനില്ക്കാൻ യൗസേപ്പുകാട്ടുന്ന സ്നേഹധീരതയും ദൈവത്തിന്റെ മുമ്പിൽ പ്രശ്നങ്ങളുണ്ടാകാതിരി

ക്കാൻ കാട്ടിയ വിവേകവുമാണ് ഈ കൊച്ചുകുടുംബത്തെ തിരുക്കുടുംബമാക്കിമാറ്റിയത്.

നീതിമാനായ യൗസേപ്പിനെ സ്മരിക്കുമ്പോൾ സങ്കീർത്തനം വരച്ചുകാട്ടുന്ന നീതിമാനെ വിസ്മരിക്കാനാവില്ല...

“കറകൂടാതെ ജീവിക്കുന്നവനും, നീതി പ്രവർത്തിക്കുന്നവനും ഹൃദയത്തിൽ സത്യമുള്ളവനും നാവുകൊണ്ടു വഞ്ചിക്കാത്തവനും സഹോദരനോടു തിന്മചെയ്യാത്തവനും അയൽക്കാരനെതിരായ പ്രേരണയ്ക്കു വഴങ്ങാത്തവനും ദുഷ്ടനോടുകൂട്ടുചേരാത്തവനും ദൈവഭക്തനെ മാനിക്കുന്നവനും സത്യപ്രതിജ്ഞ ലംഘിക്കാത്തവനും അന്യായപലിശ വാങ്ങാത്തവനും.... ഇങ്ങനെ ജീവിക്കുന്നവൻ നീതിമാനാകുന്നു” (സങ്കീ 15).

നമുക്കു പ്രാർത്ഥിക്കാം: തിരുക്കുടുംബത്തിന്റെ നാഥനായ വി. യൗസേപ്പിന്റെ മധ്യസ്ഥതയാൽ എല്ലാ കുടുംബങ്ങളും സ്നേഹവും സമാധാനവും നിറഞ്ഞ മാതൃകാകുടുംബങ്ങളായി പ്രശോഭിക്കുവാൻ ഇടയാക്കണമേ. പ്രാർത്ഥനാജീവിതം നയിച്ച് എല്ലാ സാഹചര്യങ്ങളിലും ദൈവതിരുവിഷ്ടം നിറവേറ്റുവാൻ കുടുംബാംഗങ്ങളെ പ്രാപ്തരാക്കണമേ. ജീവിതത്തിലെ ക്ലേശകരമായ അനുഭവങ്ങളിൽ ശാന്തതയോടെ വ്യാപരിക്കുവാൻ വി. യൗസേപ്പിന്റെ മാതൃക പ്രചോദനമരുളട്ടെ. അനുദിനജീവിതത്തിൽ നീതിയോടെ വർത്തിച്ച് സ്വർഗ്ഗീയഭവനത്തിന് അർഹരായിത്തീരുവാനും സകല വിശുദ്ധരോടുമൊത്ത് അനവരതം സ്തുതിഗീതങ്ങൾ ആലപിക്കുവാനും അനുഗ്രഹിക്കണമേ.

(സീറോ മലബാർ കുർബാനക്രമത്തിൽനിന്ന്)



**രക്ഷകനായ ഈശോയുടെ വളർത്തുപിതാവ്.**
**അവതരിച്ച വചനത്തിന് ജീവിതം സമ്പൂർണ്ണമായി സമർപ്പിച്ചവൻ.**
**നല്ല മരണത്തിന്റെ മധ്യസ്ഥൻ.**
**തൊഴിലാളികളുടെ മധ്യസ്ഥൻ.**
**സഭയുടെ സംരക്ഷകൻ.**
**കന്യകകളുടെ സംരക്ഷകൻ.**
**ചുമതലകൾ വിശ്വസ്തതയിൽ നിറവേറ്റിയവൻ.**
**തിരുക്കുടുംബത്തിന്റെ നാഥൻ.**

**തിരുനാൾ മാർച്ച് 19**
വി. യൗസേപ്പുപിതാവേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!





# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനക്രമവത്സരത്തിൽ നോമ്പുകാലത്തേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. നമ്മുടെ കുർബാനയിൽ ദിവ്യരഹസ്യഗീതത്തെത്തുടർന്ന് ഇപ്രകാരം പ്രാർത്ഥിക്കുന്നു: “അവിടുത്തെ സന്നിധിയിൽ നിങ്ങളുടെ ഹൃദയങ്ങൾ തുറക്കുവിൻ. ഉപവാസവും പ്രാർത്ഥനയും അനുതാപവുംവഴി മിശിഹായെയും അവിടുത്തെ പിതാവിനെയും പരിശുദ്ധാത്മാവിനെയും നമുക്കു പ്രസാദിപ്പിക്കാം”. ഉപവാസവും പ്രാർത്ഥനയും അനുതാപവും നോമ്പുകാലത്തിന്റെ പ്രത്യേകതകളാണ്. സെനക്കിളിൽ ഈശോയിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവത്തിന്റെ രക്ഷാകരസ്നേഹത്തിന് നമ്മുടെ ഹൃദയങ്ങൾ തുറക്കുവാൻ ഈ നോമ്പുകാലം നമ്മെ ആഹ്വാനംചെയ്യുകയാണ്. ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹത്തിന്റെ മുമ്പിൽ നാം ഹൃദയങ്ങൾ തുറക്കുമ്പോൾ നമ്മിൽ അനുതാപമുളവാകും. ദൈവത്തിന്റെ സ്നേഹത്തിന്റെ മുമ്പിൽ നാം ജീവിക്കുന്നിടത്തോളംകാലം അനുതാപം പാപബദ്ധരായ നമ്മുടെ നിരന്തരമനോഭാവമായി മാറും.

പ്രാർത്ഥന ദൈവത്തിന്റെ മുമ്പിലുള്ള ഹൃദയംതുറക്കലാണ്. ദൈവംതരുന്ന സ്നേഹം സ്വീകരിക്കുവാനും ആ സ്നേഹം പങ്കിട്ടനുഭവിക്കുവാനും നമുക്കു ലഭിക്കുന്ന ഏറ്റംവലിയ വേദിയാണ് പ്രാർത്ഥന. പ്രാർത്ഥനയെ ത്വരിതപ്പെടുത്തുന്ന ഉപാധിയാണ് ഉപവാസം. ഉപവസിക്കുക എന്നുവച്ചാൽ ഭോജ്യങ്ങൾ വെടിയുക മാത്രമല്ല, ഹൃദയത്തിലെ കോപാസൂയാദികളെല്ലാം വെടിയുന്നതുമാണ് (ഞായർ, ഓനീസാദ്വാസർ). ഉപവാസത്തിലൂടെ ഹൃദയത്തെ ശുദ്ധമാക്കി പ്രാർത്ഥനയിലൂടെ ദൈവസ്നേഹത്തിന്റെ മുമ്പിൽ ഹൃദയംതുറന്ന് പരമാവധിസ്നേഹം ജീവിക്കുവാൻ ഈ നോമ്പുകാലം നമുക്ക് അവസരമൊരുക്കട്ടെ!

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

അപ്പസ്തോലിക് സൊദാലെസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ കൗൺസിലേഴ്സിന്റെയും നാഷണൽ മേജർ ബ്രദേഴ്സിന്റെയും സംയുക്തയോഗം 2014 ഫെബ്രുവരി 5,6,7 തീയതികളിൽ റോമിൽവച്ചു നടന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രമാണരേഖയുടെ വ്യാഖ്യാനം തയ്യാറാക്കിയിടത്തോളം വിശദമായി വിശകലനം ചെയ്യുകയും തിരുത്തലുകൾ വരുത്തുകയും ചെയ്തു. ഇന്ത്യയിൽനിന്നും ജനറൽ മേജർ ഫാദർ ബഹു. മാത്യു വെള്ളാനിക്കലച്ചനും ജനറൽ സെക്രട്ടറി ബഹു. ജോസഫ് ചാലാശ്ശേരിയച്ചനും പ്രസ്തുതയോഗത്തിൽ സംബന്ധിച്ചു.

ഫെഡറേഷൻ ഓഫ് അപ്പസ്തോലിക് മാക്സിമലിസത്തിന്റെ ഒരു മീറ്റിംഗ് 2014 ഫെബ്രുവരി 8-ാം തീയതി റോമിൽ നടന്നു. പ്രസ്തുത മീറ്റിംഗിൽ അപ്പസ്തോലിക് സൊദാലെസ് ജനറൽ മേജർ ഫാദർ മല്പാൻ മാത്യു വെള്ളാനിക്കലച്ചൻ “Evangelii Gaudium and the Family of Apostolic Maximalism” എന്ന വിഷയത്തെ ആസ്പദമാക്കി ഒരു പ്രബന്ധം അവതരിപ്പിച്ചു. മൂന്നു ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും ജനറൽ ഭാരവാഹികൾ പ്രസ്തുത പ്രബന്ധത്തെ ആധാരമാക്കി ചർച്ചകൾ നടത്തുകയും അതിന്റെ വെളിച്ചത്തിൽ തങ്ങളുടെ പ്രേഷിതപ്രവർത്തനങ്ങളെ ക്രമീകരിക്കുവാൻ തീരുമാനമെടുക്കുകയും ചെയ്തു.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.

# 'നന്മ പൂക്കുന്ന വഴി'



**ജൂലി വന്യംപറമ്പിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

''...കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ'' (ലൂക്കാ 8,8). ഗുരു അധരങ്ങളിൽനിന്നും പലപ്പോഴും അടർന്നുവീണ വചനം. ശ്രവണം അർത്ഥപൂർണ്ണവും സൗഖ്യദായകവുമാണ്. ആരെങ്കിലും ഒന്നു ശ്രവിച്ചിരുന്നെങ്കിൽ....മനുഷ്യജീവിതത്തിലെ നീറുന്ന പ്രശ്നങ്ങൾക്കിടയിൽ ഉതിർന്നുവീഴുന്ന ആത്മനൊമ്പരം. അന്ന് കാൽവരിയിൽ 'എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു"! (മത്താ 27,46) എന്ന അവന്റെ ആർത്തനാദം ഒരു പരിഭവമായിരുന്നോ? തിരസ്കരണത്തിന്റെ പാതയിൽ മുന്നോട്ടു നീങ്ങിയപ്പോഴും കുരിശും മുള്ളുകളും ആണികളുമൊക്കെ അവന് പിതാവിന്റെ ഇഷ്ടം പൂർത്തീകരിക്കപ്പെടുന്നതിന്റെ നിറവായിരുന്നുവെന്നല്ലേ വചനം സൂചിപ്പിക്കുക. "പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു" (ലൂക്കാ 23,46).

സഹനം... മനുഷ്യജീവിതത്തിലെ മാറ്റി വയ്ക്കാനാവാത്ത യാഥാർത്ഥ്യം... വേദനയെന്തെന്ന് പ്രകൃതിയിലെ ഓരോ ജീവജാലവും അറിയുമ്പോഴും സഹനത്തിന്റെ അനുഭവം മനുഷ്യനു മാത്രം അവകാശപ്പെട്ടതാകുന്നു. സ്വന്തം ദുരനുഭവങ്ങൾക്കു മുമ്പിൽ....കരളലിയിക്കുന്ന അപരന്റെ ചില 'ഇല്ലായ്മകളി'ൽ എന്തേയിദം? എന്ന സംശയമുയരുമ്പോൾ മനസ്സിൽ തീരാവ്യഥയായി 'സഹനം' പിറവികൊള്ളുന്നു. സഹനത്തിന്റെ മധ്യേ പിതാവിന്റെ ഇഷ്ടത്തിന് കാതോർത്തതുകൊണ്ടാണ് "കുരിശ്" അവന് എളുപ്പമായത്. തന്റെ കുരിശിന്റെ 'കാരണങ്ങൾ' ഒരിക്കലും അവൻ ആരാഞ്ഞില്ല. അവന്റെ പ്രത്യുത്തരമാണ് കുരിശിനെ രക്ഷാകരമാക്കിയത്. അതാണ് വചനം പറയുക: "നാശത്തിലൂടെ ചരിക്കുന്നവർക്കു കുരിശിന്റെ വചനം ഭോഷത്തമാണ്. രക്ഷയിലൂടെ ചരിക്കുന്ന നമുക്കോ അതു ദൈവത്തിന്റെ ശക്തിയത്രേ" (1 കോറി 1,18). അവനെ സംബന്ധിച്ചുള്ള ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ രഹസ്യാത്മകത അനാവരണം ചെയ്യപ്പെടുക അവന്റെ 'ഗത്സമേൻ അനുഭവ'ത്തിലൂടെയാണ്. ദൈവപിതാവിന്റെ ഹിതമറിയുവാൻ നമ്മുടെ ഗത്സമേനിൽ നാമും മുട്ടുകുത്തണം.

നമ്മെ നൊമ്പരപ്പെടുത്തുന്ന എല്ലാ 'കാരണങ്ങളു'മായി അവിടുത്തെ മുമ്പിൽ ഹൃദയം ചൊരിയണം. അപ്പോഴാണ് അവിടുത്തെ സ്വരം നമുക്ക് ശ്രവിക്കാനാവുക. ഇങ്ങനെ ശ്രവിച്ചവരാണ് സ്വജീവിതത്തിൽ പല 'നഷ്ടപ്പെടുത്തലുകളും' നടത്തിയത്. ''ഗോതമ്പുമണി നിലത്തു വീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടി ഇരിക്കും. അഴിയുന്നെങ്കിലോ അതു വളരെ ഫലം പുറപ്പെടുവിക്കും" (യോഹ 12,24). അവിടുത്തെ ശ്രവിക്കുന്നവൻ ജീവിതത്തിൽ സാഹചര്യങ്ങൾക്കൊത്ത് പ്രത്യുത്തരിക്കും. അതാണ് കാൽവരിയിലേക്കുള്ള യാത്രയിൽ ഭക്തയായ വേറോനിക്കാ ചെയ്തതും. കാരുണ്യത്തിന്റെ ഒരു സ്പർശം അവനാഗ്രഹിച്ച നിമിഷത്തിലായിരിക്കണം അവൾ നല്കിയത്. അവന്റെ ഈ ലോകയാത്രയിൽ ഒരുപക്ഷേ ദയയുടെ ഒരു കടാക്ഷം അവസാനമായി ചൊരിഞ്ഞതും അവളായിരുന്നിരിക്കണം. മാറുന്ന ഈ ലോകത്ത് ഇത്തരം 'ധീരത' ഇന്ന് അന്യമായിക്കൊണ്ടിരിക്കുന്നു. രാപകലെന്യേ അത്യാഹിതങ്ങൾ നമ്മെ വേട്ടയാടുമ്പോൾ എന്തേ മനുഷ്യമനസ്സാക്ഷി ഇവിടെ മരവിച്ചുപോകുന്നു?

എന്റെ ദയയും കരുതലും സ്നേഹവുമൊക്കെ അപരനുംകൂടി അവകാശപ്പെട്ടതാണ്. അർഹമായത് ഒരിക്കലും നിഷേധിക്കപ്പെടരുത്. ഒരുപക്ഷേ, തന്റെ ജീവിതത്തിൽ കാരുണ്യപ്രവൃത്തികൾ ശീലിച്ചതുകൊണ്ടായിരിക്കാം വേറോനിക്കാ ശരിയായി പ്രതികരിച്ചത്. 'അപരന് തുണതൻ കരമേകാൻ' ഈ നോമ്പുകാലത്ത് നമുക്ക് ശ്രദ്ധിക്കാം. അതിനായി 'ഇന്നി'ന്റെ ആവശ്യങ്ങൾ ശ്രവിക്കുന്നവരാകാം. സഹനത്തിന്റെ മണ്ണിലേ സ്നേഹത്തിന്റെ വിത്തുകൾ പുഷ്പിക്കൂ. നമ്മുടെ കൊച്ചു കൊച്ചു നൊമ്പരങ്ങൾ അപരനായുള്ള അർത്ഥനയായി ചൊരിഞ്ഞ് അവന്റെ കണ്ണീരൊപ്പി അവിടുത്തെ തിരുമുഖം തുടയ്ക്കാം. അപ്പോൾ ജീവിതവഴിയിലെന്നും നന്മ പൂക്കുക തന്നെ ചെയ്യും.



## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജകീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre, Manganam P.O., Kottayam - 686 018
Tel. 0481-2578192
apo.oblatesindia@gmail.com
http://apostolicoblatesindia.in



# സാർവ്വത്രിക വിശുദ്ധീകരണദിനം

ടെസ്സി കറുകപ്പറമ്പിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

വി വിശുദ്ധിക്കുവേണ്ടി ഒരു ദിനമോ? 'സാർവ്വത്രിക വിശുദ്ധീകരണദിനം' എന്നു കേൾക്കുമ്പോൾ നമ്മുടെ മനോമുകുരത്തിലേക്ക് എത്തിപ്പെടാൻ സാധ്യതയുള്ള ഒരു ചോദ്യം... സ്നേഹവും സാഹോദര്യവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആധുനികലോകത്തിൽ വിശുദ്ധമായ മക്കളുടെ ഒരു പുതുലോകം നിർമ്മിക്കാൻ ഇങ്ങനെയൊരു ദിനം തികച്ചും അനിവാര്യമാണ്.

നാലാം നൂറ്റാണ്ടിൽ പേർഷ്യയിൽ നടന്ന മതപീഡനത്തോട് അനുബന്ധിച്ചാണ് ഉയിർപ്പു തിരുനാൾ കഴിഞ്ഞു വരുന്ന ആദ്യത്തെ വെള്ളിയാഴ്ച സകല വിശുദ്ധരുടെയും തിരുനാൾ നമ്മുടെ സഭയിൽ ആഘോഷിച്ചുവരുന്നത്. ഈശോയുടെ ഉത്ഥാനത്തിലൂടെ കൈവന്ന പുതുജീവനിൽ ആഹ്ലാദംകൊള്ളുന്ന വിശുദ്ധരിൽ ദൈവകൃപാവരത്തിന്റെ വിജയമാണ് നാം ഈ തിരുനാളിലൂടെ ആഘോഷിക്കുന്നത്.

'വിശുദ്ധിയിലേക്കുള്ള സാർവ്വത്രികവിളി' പ്രത്യേക കാരിസമായി സ്വീകരിച്ചിരിക്കുന്ന അപ്പസ്തോലിക് ഒബ്ലേറ്റ്സ് സമർപ്പിതസമൂഹം സകലവിശുദ്ധരുടെയും തിരുനാളിനോടനുബന്ധിച്ചാണ് 'സാർവ്വത്രിക വിശുദ്ധീകരണദിനം' വർഷംതോറും ആചരിച്ചുപോരുന്നത്. 1947 ൽ പ്രോസ്ങ്ടിറ്റി മൂവ്മെന്റ് എന്ന ആത്മീയപ്രസ്ഥാനത്തിനും 1950 ൽ അപ്പസ്തോലിക് ഒബ്ലേറ്റ്സ് സമർപ്പിതസമൂഹത്തിനും രൂപം കൊടുത്ത ദൈവദാസൻ ബിഷപ്പ് വില്യം ജക്വീൻതാ സഭയിൽ എല്ലാവരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു എന്നത് പ്രഘോഷിച്ചു. അദ്ദേഹത്തിന്റെ വിശുദ്ധിയിലേക്കുള്ള സാർവ്വത്രികവിളിയെ ലോകമെങ്ങും അറിയിക്കുവാനുള്ള സ്വപ്നസാക്ഷാത്ക്കാരം എന്ന വിധം 1957 ജൂൺ 30 ന് ആദ്യമായി 'സാർവ്വത്രിക വിശുദ്ധീകരണദിനം' നടത്തി. 1964-ൽ രണ്ടാം വത്തിക്കാൻ കൗൺസിലിലൂടെ, സഭയിൽ എല്ലാവരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു എന്ന സത്യം സഭ ഔദ്യോഗികമായി പ്രഖ്യാപിച്ചു. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളിലെ തിരുസ്സഭയെ സംബന്ധിച്ച കോൺസ്റ്റിറ്റ്യൂഷനിൽ അഞ്ചാം






അദ്ധ്യായം മുഴുവനുംതന്നെ വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളയുടെ പ്രാധാന്യം എടുത്തുകാട്ടുന്നതാണ്.

'വിശുദ്ധി ദൈവദാനമാണ്'. "നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" (മത്താ 5,48). ഞാനും നീയും ഏതു ജീവിതാവസ്ഥയിലുള്ള വ്യക്തിയാണെങ്കിലും ദൈവത്തിന്റെ പരിപൂർണ്ണതയിലേക്ക് വിളിക്കപ്പെട്ടിരിക്കുകയാണ്. വിശുദ്ധി എന്നു കേൾക്കുമ്പോൾത്തന്നെ നമുക്ക് എത്തിപ്പിടിക്കാൻ സാധിക്കാതെ അങ്ങകലെ നില്ക്കുന്ന ഒരു യാഥാർത്ഥ്യമായും വിശുദ്ധരായിത്തീർന്ന അനേകർക്കുവേണ്ടി മാറ്റിവയ്ക്കപ്പെട്ട ഒന്നായും കരുതാനുള്ള സാധ്യതയുണ്ട്. എന്നാൽ "ചെറിയ കാര്യങ്ങളിൽ വിശ്വസ്തരായിരുന്നുകൊണ്ട് വിശുദ്ധി പ്രാപിക്കാൻ നമുക്കു കഴിയും" എന്ന് ദൈവദാസൻ ബിഷപ്പ് വില്യം ജക്വീൻതാ നമ്മെ ഓർമ്മിപ്പിക്കുന്നു.

ഏതു ജീവിതാന്തസ്സിലേക്ക് ഞാൻ വിളിക്കപ്പെട്ടിരിക്കുന്നുവോ ആ വിളിയിൽ സ്നേഹത്തോടെയും ഉത്തരവാദിത്വത്തോടെയും വിശ്വസ്തതയോടെയും ജീവിക്കുക. പാപത്തിന്റെ ജലത്താൽ ദാഹം ശമിപ്പിക്കുവാൻ നെട്ടോട്ടമോടുന്നവർ ജീവജലത്തിന്റെ ഉറവിടമായ ഈശോയിലേക്ക് കണ്ണുകളുയർത്തുക. അവിടുന്ന് നമ്മുടെ ദാഹം ശമിപ്പിക്കും.

പാപമോ, നിർവികാരതയോ നമ്മുടെ മനസ്സുകളെ ദുർബലപ്പെടുത്തുമ്പോൾ, "ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3) എന്ന ശ്ലീഹായുടെ വാക്കുകൾ നമുക്കോർക്കാം. "നമുക്കു മുമ്പേ നീങ്ങുകയും തങ്ങളുടെ കാലത്തെ വിഷമതകളെ അഭിമുഖീകരിക്കുകയും ചെയ്ത വിശുദ്ധരിൽനിന്നു നമുക്കു പഠിക്കാം. അതിനാൽ, ഇന്ന് അവരെ അനുകരിക്കുവാൻ നമ്മെ സഹായിക്കുന്ന ചില കാരണങ്ങൾ വീണ്ടും കണ്ടെത്താൻ നാം ശ്രമിക്കേണ്ടതാണെന്ന് ഞാൻ നിർദ്ദേശിക്കുന്നു'' (സുവിശേഷത്തിന്റെ ആനന്ദം 263) എന്ന പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പായുടെ ആഹ്വാനത്തിനു നമുക്കു ചെവിയോർക്കാം. വിശുദ്ധിയിലേക്കുള്ള നമ്മുടെ വിളിയെ അനുസ്മരിപ്പിക്കുന്ന ഈ ദിനം സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും കണ്ണിയാൽ നമ്മെ പരസ്പരം ചേർത്ത് വിശുദ്ധി പ്രാപിക്കണമെന്ന ആഗ്രഹത്താൽ കത്തിജ്ജ്വലിപ്പിക്കുന്നതാകട്ടെ.



## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**



# അമ്മയോടൊപ്പം അനുഗ്രഹവഴിയേ

**ബെറ്റി കച്ചിറ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

സഹനജീവിതത്തോട് ഏറ്റം അടുത്തു സഹകരിച്ച പരി. മറിയമേ,... ഈ ജപമാല രഹസ്യങ്ങളിലൂടെ ഞങ്ങൾ ധ്യാനിച്ചു കടന്നുപോവുമ്പോൾ അമ്മയെപ്പോലെ പ്രതിസന്ധികളിൽ വിശ്വാസത്തോടെ നിലകൊള്ളുവാനും ആത്മവിശ്വാസവും ദൈവതിരുഹിതവും അന്വേഷിച്ചറിയുവാനും വേണ്ട കൃപ ഞങ്ങൾക്കു വാങ്ങിതരണമേ.

**ഒന്നാം ദിവ്യരഹസ്യം**

പാപത്തിൻ വഴിവിട്ടകലും
മക്കൾക്കെന്നു ശാശ്വതമാം
ശാന്തി പകരും മാതാവേ
ഞങ്ങൾക്കായ് നീ പ്രാർത്ഥിക്ക

1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വ

**രണ്ടാം ദിവ്യരഹസ്യം**

മാനവരാശിക്കെന്നാളും
സ്വാതന്ത്ര്യത്തിൻ ഫലമരുളാൻ
രക്ഷാകവചം കാട്ടിയ നീ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വ

**മൂന്നാം ദിവ്യരഹസ്യം**

പാപത്തിൻ വഴിയിൽനിന്നും
മോചിതരാവും മക്കൾക്കായ്
അമ്മേ നിൻ കാരുണ്യത്തിൻ
ചിറകിൻ തണലു വിരിക്കണമേ
1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വ

**നാലാം ദിവ്യരഹസ്യം**

മാനവമക്കൾക്കായ് ദൈവം
നീതിയെഴുന്നൊരു വിധിമുമ്പിൽ
ജാഗ്രതയോടെ നിലകൊള്ളാൻ
മക്കൾക്കായ് നീ കൃപയേകൂ...
1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വ

**അഞ്ചാം ദിവ്യരഹസ്യം**

ജീവിതയാത്രയിൽ ഉഴറുമ്പോൾ
പാപം ശക്തി ധരിക്കുമ്പോൾ
അസ്വസ്ഥതയാൽ വലയാതെ
പ്രാർത്ഥിച്ചിടുവാൻ തുണയേകൂ..
1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വ.

**സമർപ്പണം**

പരിശുദ്ധ ജപമാലരാജ്ഞി വചനമായ മിശിഹായുടെ മാതാവേ, ദൈവസ്നേഹത്താൽ ജ്വലിക്കുന്ന ഹൃദയവുമായ് മറ്റുള്ളവരെ നീ ശുശ്രൂഷിച്ചുവല്ലോ. അമ്മേ, നിന്നെപ്പോലെ പരോന്മുഖരായി ജീവിക്കുവാൻ, ജീവിതത്തിൽ നിർമ്മലത കാത്തുസൂക്ഷിച്ചുകൊണ്ട് ഈ നോമ്പുകാലം ഫലദായകമാക്കുവാൻ ഞങ്ങൾക്കായി തിരുക്കുമാരനോട് പ്രാർത്ഥിക്കണമേ... ആമ്മേൻ.





വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്ക് നല്കണമേ

## Spirituality Centre Programme

**March**

- 8 - Social Animators' Meeting
- 11-12 - Cenacle Meeting (Sodales)
- 15 - Recollection for Oblates
- 15-16 - School of Bible
- 18-19 - Cenacle Meeting (Aspirants)

**April**

- 8-9 - Cenacle Meeting (Sodales & Aspirants)
- 11-12 - Social Animators' Meeting
- 12-13 - School of Bible
- 27 - All Saints day celebration
- 28-30 - Retreat for Oblates

# പ്രതീക്ഷയുടെ
# പൂമൊട്ടുകൾ



"കർത്താവായ ദൈവമേ, ലോകപാപങ്ങളുടെ പരിഹാരമായ മിശിഹായുടെ സഹനജീവിതത്തോടു യോജിച്ചുകൊണ്ട് ആത്മവിശുദ്ധീകരണത്തിനായി യത്നിക്കുന്ന അങ്ങയുടെ സഭയെ കരുണാപൂർവ്വം കടാക്ഷിക്കണമേ. കുരിശുകൾ സന്തോഷത്തോടെ വഹിച്ചുകൊണ്ട് അങ്ങയുടെ തിരുക്കുമാരന്റെ ബലിജീവിതം തുടരുവാൻ ഞങ്ങളെ ശക്തരാക്കണമേ. യഥാർത്ഥമായ പ്രാർത്ഥനാചൈതന്യവും സഹോദരസ്നേഹവും ആത്മപരിത്യാഗവും പുലർത്തിക്കൊണ്ട് ഈ നോമ്പുകാലം ഫലദായകമാക്കുവാൻ ഞങ്ങളെ സഹായിക്കുകയും ചെയ്യണമേ. ആമ്മേൻ"

(സീറോ മലബാർകുർബാനക്രമത്തിൽനിന്ന്)

For private circulation only

പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്